

# ഫോർച്യൂൺ

To be a contemporary witness to Christ

March
2014
Vol.1
Issue 1



*A Magazine of Sisters of Charity of St. John of God, Kattappana*



# പിതൃമൊഴികൾ

"സ്നേഹത്തിന് എങ്ങനെയാണ് സുഖപ്പെടുത്തുവാൻ സാധിക്കുക? മരുന്നാണ് സുഖപ്പെടുത്തുന്നത്. എന്നു കരുതി നാലഞ്ചുതരം മരുന്നുകൾ നമ്മൾ കൊടുക്കുന്നു. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട മരുന്ന് നമ്മൾ കൊടുക്കുന്നില്ല. അതായത് 'സ്നേഹമാകുന്ന മരുന്ന്.' നമ്മൾ മരുന്ന് Locker ൽ വച്ചിട്ട് ഇതു മൂന്നു നേരം കഴിക്കുക എന്നു പറയുന്നതിനേക്കാൾ നല്ലത് സ്നേഹത്തിന്റെയും പ്രോത്സാഹനത്തിന്റേതുമായ ഒരു ചെറിയ വാക്കോടെ അത് കയ്യിൽ കൊടുക്കുന്നതാണ് മാനസികമായ വളരെ വലിയ ഫലമുളവാക്കുന്നത്. പലപ്പോഴും നമ്മൾ പാവപ്പെട്ടവരുടെയടുത്ത് professional രീതിയിലാണ് ഇടപെടുന്നത്. ആദ്ധ്യാത്മികമായ രീതിയിലല്ല.

ഉദാ: ഒരു സിസ്റ്റർ രോഗിയോട് പറഞ്ഞു. ഇത് നല്ല ഗുളികയാണ്. ആദ്യം അല്പം വെള്ളം കുടിച്ചിട്ട് ഗുളിക വായിലിടുക. അതിനുശേഷം അല്പം കൂടി വെള്ളം കുടിക്കുക. അപ്പോൾ നിങ്ങൾക്ക് കൂടുതൽ ഉന്മേഷം തോന്നും, വേദനകുറയും, പ്രഷർ കുറയും, നിങ്ങൾക്കു സുഖമായി ഉറങ്ങാം. ഈ വാക്കുകൾ 10 ഗുളികകൾ ലോക്കറിൽ ഇരിക്കുന്നതിനേക്കാൾ ഗുണം ചെയ്യും. ഇങ്ങനെയാണ് സ്നേഹം സുഖപ്പെടുത്തുന്നത്.

ഒരു പുഞ്ചിരി നല്കുവാൻ അത്രയ്ക്ക് ബുദ്ധിമുട്ട് ഒന്നും ഇല്ല. അത് ദൈവത്തിനും മനുഷ്യനും ഇടയിലുളള പാലമാണ്. ഒരാൾ ചോദിച്ചു നമ്മുക്ക് ദൈവത്തെ കാണുവാൻ സാധിക്കുമോ. Yes, തീർച്ചയായും പാവപ്പെട്ട ഒരു മനുഷ്യനെ സന്തോഷിപ്പിക്കുവാൻ സാധിച്ചാൽ ദൈവം പുഞ്ചിരിക്കുന്നത് നിങ്ങൾക്കു കാണാം."

**ബ്രദർ ഫോർത്തുനാത്തൂസ് താൻഹൊയ്സർ**


FORTUNE MAGAZINE

*Vol I*

*Issue I*

*March 2014*

*Private Circulation only*



*Sisters of Charity of St. John of God*

*Kattappana South P.O. Kattappana, Idukki*

*Kerala - India -685515*

*Ph: 04868 272744*

*Email: generalatekpna@gmail.com*

*scjgkpna@rediffmail.com*



**ചീഫ് എഡിറ്റർ:**

സി. വിമല ജോർജ്

**അസോ. എഡിറ്റർ**

സി. റീനാ മരിയ

**എഡിറ്റർ**

സി. മോൻസി ഫ്രാൻസീസ്

**എഡിറ്റോറിയൽ ബോർഡ്**

സി. ലിറ്റി. സേവ്യർ

സി. ഷൈനി അന്നാ ജെയിംസ്

സി. നിർമല കുരിയാക്കോസ്

സി.റോസി ജോസഫ്

സി. സിസി മാനുവൽ

സി. ലില്ലി ട്രീസാ

സി. ആൽഫി സെബാസ്റ്റ്യൻ



**ജീ**വിതം സുകൃതമാക്കി കടന്നുപോകുന്നവരുടെ ഓർമ്മ ഏവർക്കും പ്രചോദനവും ചൈതന്യമേകു ന്നതുമാണ്. സ്വന്തം ജീവിതം അപരനുമായി പങ്കുവച്ച് അവരുടെ ഹൃദയത്തിലൂടെ ഓർമ്മകളായി ജീവി ക്കുന്ന പുണ്യാത്മാക്കളെയാണ് നാം മനസ്സിൽ സൂക്ഷിക്കുന്നത്. ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത് (Mt. 25/40) എന്ന ഈശോയുടെ വാക്കുകൾ സ്വജീവിത ത്തിൽ അന്വർത്ഥമാക്കിയവനാണ് സെന്റ് ജോൺ ഓഫ് ഗോഡ്.

രോഗം ഒരു ശാപമാണെന്നും രോഗികൾ പ്രത്യേക പരിഗണനയൊന്നും അർഹിക്കുന്നില്ലായെന്നും വിശ്വസിച്ചിരുന്ന 16-ാം നൂറ്റാണ്ടിൽ ഓരോ രോഗിയും ക്രൂശിതനായ ക്രിസ്തുനാഥന്റെ യഥാർത്ഥ പ്രതിച്ഛായ യാണെന്നും സ്നേഹിക്കുകയും ആദരിക്കുകയും ശുശ്രൂഷിക്കപ്പെടുകയും ചെയ്യേണ്ടവരാണ് അവർ എന്ന സെന്റ് ജോൺ ഓഫ് ഗോഡിന്റെ ആഹ്വാനം അന്നത്തെ കാലഘട്ടത്തിൽ വിപ്ലവാത്മകമായ ഒരു ആശയമായിരുന്നു. ഈ വലിയ വിശുദ്ധന്റെ മാതൃകയിലൂടെ വേദനിക്കുന്നവരിലും രോഗികളിലും ആവശ്യത്തിലിരിക്കുന്നവരിലും ഈശോയെകണ്ട് അനുകമ്പാർദ്രമായ ഹൃദയത്തോടെ ഏവർക്കും ആദരാത്മക ശുശ്രൂഷ ചെയ്തവനായ മനുഷ്യ സ്നേഹിയാണ് സ്നേഹ ബഹുമാനപ്പെട്ട ബ്രദർ ഫോർത്തുനാ ത്തൂസ്.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഭാഗ്യസ്മരണാർഹനായ ജോൺ 23-ാം മാർപാപ്പ അവിടെ കൂടിയിലുന്ന കൗൺസിൽ പിതാ ക്കന്മാരോട് പറഞ്ഞത് ഇന്നത്തെ ലോകത്തിന്റെ ആവശ്യം കരുണയുടെ ഔഷധമാണ് എന്നാണ്. ഇതേ സന്ദേശം തന്നെ തന്റെ വാക്കിലും പ്രവൃത്തിയിലും പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയും ഊന്നിപ്പറയുന്നു. 2014ലേക്കു നോക്കുമ്പോൾ ആഗോളസഭയിൽ പലമാറ്റങ്ങളും നാം കാണുന്നു. വി. ഫ്രാൻസിസ്സ് അസ്സീസിയുടെ നാമം സ്വീകരിച്ച ആ വിശുദ്ധന്റെ ചൈതന്യത്തോടെ തിരുസ്സഭയുടെ തലവനായി തെര ഞ്ഞെടുക്കപ്പെട്ട ഫ്രാൻസിസ് പാപ്പായുടെ കടന്നുവരവും ജീവിത മാതൃകകളും മാറ്റത്തിനുള്ള ആഹ്വാനമാണ് നമുക്ക് നൽകുന്നത്.

കരുണയുടെ നിറകുടവുമായി ഏറ്റവും ദരിദ്രരിലേക്കും രോഗികളുടെ അരികിലേയ്ക്കും കടന്നു ചെല്ലാനുള്ള പ്രചോദനം സെന്റ് ജോൺ ഓഫ് ഗോഡിൽനിന്നു സ്വീകരിച്ച് ജീവിച്ച് കടന്നുപോയ പുണ്യാത്മാവാണ് ബ്രദർ ഫോർത്തുനാത്തൂസ്. രോഗിയെ ഈശോയായും രോഗിക്കിടക്ക അൾത്താരയായും രോഗി കിടക്കുന്ന ഇടം ദേവാലയമായും ദർശിച്ച കരുണയുടെ പ്രവാചകനാണദ്ദേഹം. സെന്റ് ജോൺ ഓഫ് ഗോഡിന്റെ ആദരാത്മക ശുശ്രൂഷ ബ്രദർ ഫോർത്തുനാത്തൂസിന്റെ കരങ്ങളിലൂടെ നമ്മുടെ നാട്ടിൽ കരുണയുടെ ഒരു ശുശ്രൂഷ യായി ഒഴുകിപ്പടർന്നു.

ആദ്യമായിട്ടാണ് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് ഒരു മാസിക പ്രസിദ്ധീകരിക്കുന്നത്. ഈ മാസിക ആദ രാത്മക ശുശ്രൂഷയുടെ മെസഞ്ചറായി പരിണമിക്കും. എന്താണ് ആദരാത്മക ശുശ്രൂഷ; കണ്ടുമുട്ടുന്ന ഏവരിലും ഈശ്വരനെ ദർശിച്ച് സ്നേഹത്തോടും ആദരവോടുംകൂടി ഇടപെടുക. അവർ രോഗികളും വേദനിക്കുന്നവരും ആവശ്യത്തിലിരിക്കുന്നവരും ആണെങ്കിൽ അവർക്ക് കരുണയുടെ ശുശ്രൂഷ ചെയ്യുക. അങ്ങനെ ദൈവരാജ്യ സംസ്ഥാപനം ആദരാത്മക ശുശ്രൂഷയിലൂടെ എന്ന ദൗത്യം നിർവ്വഹി ക്കുവാൻ ഈ ഹൈ-ടെക് യുഗത്തിൽ പ്രത്യേകം വിളിക്കപ്പെട്ടവരാണ് എസ്.സി.ജെ.ജി. സന്യാസിനി സമൂഹം.

ഫോർച്യൂണിന്റെ ഉത്ഭവം ലാറ്റിൻ പദമായ 'ഫോർച്യൂണ' എന്ന വാക്കിൽ നിന്നാണ്. സന്തോഷകരമായ, ഭാഗ്യശാലിയായ എന്നൊക്കെ യാണ് അർത്ഥമാക്കുന്നത്. നമ്മുടെ സ്ഥാപക പിതാവിന്റെ പേര് ഈ വാക്കിൽ നിന്നുമാണ് ഉണ്ടായത്. ജന്മം ജർമ്മനിയിലാണെങ്കിലും ഈ ഹൈറേഞ്ചും അതിന്റെ പ്രാന്തപ്രദേശങ്ങളും തന്റെ കർമ്മമണ്ഡലമായി തെരഞ്ഞെടുത്തത് ഈ നാടിന്റെ ഭാഗ്യവും ഒപ്പം അനുഗ്രഹവു മാണ്. കട്ടപ്പനയുടെ വല്യച്ചനും ശില്പിയുമായിക്കൊണ്ട് ഈ നാടിന് ഭാഗ്യവും സന്തോഷവും കൊണ്ടുവന്ന പുണ്യാത്മാവിന് ആതുര സേവനത്തിലൂടെ യേശുവിന്റെ കരുണാർദ്ര സ്നേഹം പാവപ്പെട്ടവർക്കും രോഗികൾക്കും ആലംബഹീനരുമായ അനേകരിലേക്ക് കൃപ യുടെ നീർച്ചാലായി പകർന്നുകൊടുക്കുവാൻ സാധിച്ചു.

ഫോർച്യൂണിന്റെ ഓരോ പേജുകളിലും നിറഞ്ഞുനിർക്കുന്നത് അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതത്തിന്റെ സവിശേഷതകളും കരുണ യുടെ ശേഷിപ്പുകളുമാണ്. ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളെ സ്വീകരിച്ചുകൊണ്ട് അഗതികളെയും പാവപ്പെട്ടവരെയും ദരിദ്ര രേയും വേദനിക്കുന്നവരേയും തേടിയിറങ്ങുവാൻ, അവരുടെ കണ്ണുനീരൊപ്പുവാൻ ഇത് വായനക്കാരെ പ്രചോദിപ്പിക്കട്ടെ. ഫോർച്യൂണിന് എല്ലാവിധ വിജയാശംസകളും സെന്റ് ജോൺ ഓഫ് ഗോഡിന്റെ തിരുനാളിന്റെ മംഗളങ്ങളും നേരുന്നു.

**സ്നേഹത്തോടെ സി. വിമല ജോർജ്**
(സുപ്പീരിയർ ജനറൽ)

***Bro. Fortunatus brought 'fortune' to the highrange people of Idukki District, Kerala . Through his coming down act of mercy from Germany, he made others fortune. 'FORTUNE' is sharing to you the joy of mercy.***



സ്നേഹമുള്ളവരേ,

സെന്റ് ജോൺ ഓഫ് ഗോഡ് സിസ്റ്റേഴ്സ് 'ഫോർച്യൂൺ' എന്ന പേരിൽ ഒരു ത്രൈമാസിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. കോൺഗ്രിഗേഷന്റെ സ്ഥാപകൻ പുണ്യശ്ലോകനായ ബ്ര. ഫോർത്തുനാത്തൂസിന്റെ ജീവിതശൈലിയും പ്രവർത്തനങ്ങളും സുകൃതജീവിതവും ജനമദ്ധ്യത്തിൽ അറിയിക്കുവാനും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ ദൈവകേന്ദ്രീകൃതമായ മനുഷ്യനന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ അറിയിക്കുവാനും ഈ മാസിക സഹായകമാകും എന്ന് പ്രത്യാശിക്കുന്നു. ഇപ്രകാരമുള്ള മാസികകൾ ശ്രേഷ്ഠമായ ലക്ഷ്യത്തോടുകൂടിയാണ് പ്രസിദ്ധീകരിക്കുന്നത്. ശുശ്രൂഷയുടെയും ത്യാഗോജ്ജ്വലമായ സേവനത്തിന്റെയും മഹത്തായ പാഠങ്ങൾ സ്വജീവിതത്തിലൂടെ കാണിച്ചുതന്ന ദിവംഗതനായ ബ്രദർ ഫോർത്തുനാത്തൂസിനെ ആധുനിക കാലഘട്ടം വിസ്മരിക്കാൻ പാടില്ല. പരിമിതമായ സൗകര്യങ്ങൾ മാത്രമു ണ്ടായിരുന്ന കട്ടപ്പനയിൽ, ജർമ്മനിയിൽ നിന്ന് വന്ന് തന്റെ ജീവിതം മുഴുവൻ ഈ നാടിനുവേണ്ടി സമർപ്പിച്ച ത്യാഗിയാണ് ബ്രദർ ഫോർത്തുനാത്തൂസ്. അദ്ദേഹത്തിന്റെ ഇവിടേയ്ക്കുള്ള ആഗമനം കട്ടപ്പനയെയും ഹൈറേഞ്ച് പ്രദേശങ്ങളെയും എല്ലാ വിധത്തിലുമുള്ള വികസനത്തിലേയ്ക്ക് നയിക്കുവാൻ സഹായിച്ചു.

രോഗികളും പാർപ്പിടരഹിതരും വസ്ത്രരഹിതരും ഭക്ഷണമില്ലാത്തവരുമായ സഹജീവികളിൽ ഈശോയുടെ തിരുമുഖം ദർശിച്ചുകൊണ്ട് ഒത്തിരിയേറെ ആളുകൾക്ക് ആശ്വാസത്തിന്റെ, സംരക്ഷണത്തിന്റെ, സംതൃപ്തിയുടെ, സമാധാനത്തിന്റെ കുളിർതെന്നലായി ബഹു. ബ്ര. ഫോർത്തുനാത്തൂസ് ഹൈറേഞ്ചിൽ പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ ജീവിത മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിലൂടെ സഹജീവികൾക്കുവേണ്ടി ജീവിക്കു വാനും പ്രവർത്തിക്കുവാനുമുള്ള വെല്ലുവിളി ഉയർത്തുന്നതിന് ഫോർച്യൂൺ മാസികയ്ക്ക് കഴിയട്ടെ എന്നാശം സിക്കുന്നു. പ്രാർത്ഥിക്കുന്നു.

ബ്ര. ഫോർത്തുനാത്തൂസിന്റെ ആത്മീയചൈതന്യം പ്രസരിപ്പിക്കുവാൻ പരിശ്രമിക്കുന്ന ബഹു. മദർ ജനറലിനെയും സിസ്റ്റേഴ്സ് ഓരോരുത്തരെയും പ്രത്യേകം അഭിനന്ദിക്കുന്നു. തങ്ങളുടെ പ്രവർത്തനവും, പ്രവർത്തനശൈലികളും ആയിരങ്ങൾക്ക് ചൈതന്യം പകരാൻ ഈ മാസികവഴി ഇടയാകട്ടെ എന്ന് ആശംസിക്കുന്നു. വിജയാശംസകളോടെ; പ്രാർത്ഥനയോടെ...

**ഫാ. ജസ്റ്റിൻ പഴേപറമ്പിൽ** (ഇടവക വികാരി)

# പുണ്യചരിതനായ ബ്രദർ



ബ്രദർ പ്രകാശ് മാടപ്പള്ളി
(സഹസഭാസ്ഥാപകൻ)

***ഫോർത്തുനാത്തൂസിന്റെ പാവനസ്മരണ നിലനിർത്താനും അദ്ദേഹത്തെ അനേകർക്കു പരിചയപ്പെടുത്തി കൊടുക്കാനുമായി സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺസ് ഓഫ് ഗോഡ് Fortune എന്നൊരു പ്രസിദ്ധീകരണം തുടങ്ങു ന്നതിൽ അത്യധികം സന്തോഷിക്കുന്നു.***

***മലനാട്ടിൽ അങ്ങോളമിങ്ങോളം ഓടി നടന്ന് ഒത്തിരി നന്മ ചെയ്തു കടന്നു പോയ ആ മഹാത്മാവിനെ നമുക്കു ഹൃദയം നിറഞ്ഞ നന്ദിയോടെ സ്മരിക്കാം,. മഹത്തായ ആ മാതൃകയെ നമുക്ക് അനുകരിക്കാൻ ശ്രമിക്കാം. അതിനു പ്രചോദന മാകുന്ന ഈ പ്രസിദ്ധീകരണത്തെയും ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.***

# എസ്.സി.ജെ.ജി. ചരിത്ര വഴികളിലൂടെ....

*The Congregation of SCJG cannot forget the role & merciful love of the Hospitaller Order in her birth and on going growth.*



**സി. ലിറ്റി സേവ്യർ**
**SCJG**

സതീർത്ഥകരുടെയും മാതാപിതാക്കളുടെയും ഗുരുനാഥൻമാരുടെയും അനുഗ്രഹാശ്ശിസുകളോടെ സ്നേഹ ത്തിന്റെ, സേവനത്തിന്റെ, പക്വതയുടെ പ്രതീകമായി ഇന്ന് ജനമദ്ധ്യത്തിൽ മുന്നേറുകയാണ് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ



*First Members (1977)*

ഓഫ് ഗോഡ്. എത്ര സ്നേഹമുണ്ടെങ്കിലും പെറ്റമ്മപോലും പരാജയപ്പെടുന്ന നിസ്സഹായതയ്ക്കരികിൽ ജീവിതം സമർപ്പിച്ച് അനേകം മക്കൾക്ക് ത്യാഗസ്പർശനങ്ങൾ നൽകി കടന്നുപോവുകയാണ് കഴിഞ്ഞ 37 വർഷത്തിലൂടെ എസ്.സി.ജെ.ജി. സമൂഹം. വ്യത്യസ്തമായ ജീവിത അനുഭവ ത്തിലൂടെ കൈപിടിച്ച് നടത്തിയ നല്ല തമ്പുരാന് നന്ദി പറയുന്ന തോടൊപ്പം ആതുരസേവനം പ്രധാന ദൗത്യമായി സ്വീകരിച്ചിരി ക്കുന്ന സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം കാല ത്തിന്റെ ചുവരെഴുത്തുകൾ വിവേചിച്ചറിഞ്ഞ് അനുസ്യൂതം മുന്നേറിക്കൊണ്ടിരിക്കുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ നിർണ്ണയിക്കുന്ന സ്നേഹമെന്ന സിദ്ധാന്തത്തിന് സേവനത്തിന്റെ മുഖം നൽകിയ മഹാനായ മനുഷ്യസ്നേഹിയാണ് സെന്റ് ജോൺ ഓഫ് ഗോഡ്. അയൽക്കാരന്റെ സഹനത്തിലും ഇല്ലായ്മയിലും ഹൃദയം വേദനിക്കുകയും, ജാതിമതഭേദമെന്യേ എല്ലാ ആത്മാക്കളുടെയും നിത്യരക്ഷയിൽ അതീവ ശുഷ്കാന്തി പുലർത്തുകയും ചെയ്ത ഈ പുണ്യ പിതാവാണ് എസ്.സി.ജെ.ജി. യുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ. "എന്റെ ഏറ്റവും എളിയ ഈ സഹോദരനചൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടു ക്കുമ്പോൾ എനിക്ക് തന്നെയാണ്



*First Profession (1984)*

ചെയ്തത്" (Mt. 25/40) എന്ന തിരുവചനം അന്വർത്ഥമാകുമാറ് 8-ാം വയസ്സിൽ ഒരു സന്യാസിയുടെ പിന്നാലെ ഇറങ്ങിത്തിരിച്ച നാൾ മുതൽ ജീവിത അവസാനം വരെ തന്നിലൂടെ ദൈവം ഏല്പിച്ച ദൗത്യങ്ങൾ നിസ്വാർത്ഥതയോടെ നിർവ്വഹിച്ചു. ആട്ടിടയൻ, പട്ടാളക്കാരൻ, പുസ്തക വ്യാപാരി, വിറക് വെട്ടുകാരൻ എന്നീ നിലകളിലെല്ലാം പ്രവർത്തിച്ച് ഒടുവിൽ രോഗികളുടെയും രോഗീ ശുശ്രൂഷകരുടെയും മദ്ധ്യസ്ഥനായി ത്തീർന്നു ഈ പുണ്യാത്മാവ്.

നിങ്ങൾ ലോക മെങ്ങും പോയി സകല ജനങ്ങളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന മിശിഹായുടെ ഉദ്ബോധനത്തെയും രോഗീശുശ്രൂഷാരംഗത്ത് മഹത്തായ സേവനം കാഴ്ച വച്ച സെന്റ് ജോൺ ഓഫ് ഗോഡിനെയും മാതൃകയാക്കി ബ്രദർ ഫോർത്തുനാത്തൂസ് താൻഹൊയ്സർ ഭാരത ജനതയ്ക്കായി ഒരു മിഷനറി ആവുക എന്ന സ്വപ്നവുമായി, ചങ്ങനാശ്ശേരി ആർച്ചു ബിഷപ്പായിരുന്ന മാർ മാത്യു കാവുകാട്ടിന്റെ പ്രത്യേക ക്ഷണപ്രകാരം 1967 ൽ കേരളത്തിലെത്തി. തന്റെ സ്ഥാനമാനങ്ങളും ജന്മനാടിന്റെ സുഖസമൃദ്ധിയും വലിച്ചെറിഞ്ഞ് ഒരു അവികസിത നാടിന്റെ നൊമ്പരങ്ങൾ തന്റെ ഹൃദയത്തുടിപ്പുകളായി ഏറ്റു വാങ്ങി കേരളത്തിലെത്തിയ ആ കർമ്മയോഗിയെ സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ചത് കട്ടപ്പനയ്ക്കാണ്. വറുതിയുടെയും അതിജീവനത്തിന്റെയും കുടിയേറ്റ കാലങ്ങളിൽ ആതുരസേവനത്തിന്റെയും സാന്ത്വനസാമീപ്യങ്ങളുടെയും അടിത്തറയായിരുന്നു ബ്രദർ ഫോർത്തുനാത്തൂസ് താൻഹൊയ്സർ



*Aggregation (1997)*

എന്ന മഹാനായ മനുഷ്യസ്നേഹി. ക്രിയാത്മകതയും ആത്മവിശ്വാസവും അചഞ്ചലതയും കൈമുതലാക്കിയ ഒരു



*First Profession (1984)*

വലിയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന ബ്രദർ ഫോർത്തുനാത്തൂസ് എന്ന വടവൃക്ഷത്തിന്റെ ഇതൾ വീശി നില്ക്കുന്ന സ്മരണകളിലാണ് പുത്തൻ പ്രതീക്ഷകളോടെ എസ്.സി.ജെ.ജി. വഴി വെട്ടി ഇറങ്ങിയിരിക്കുന്നത്. ആധുനീകതയും വൈദ്യശാസ്ത്രവും കൈകോർക്കുമ്പോഴും അന്യമായിപ്പോകുന്ന മാനുഷികതയ്ക്കും കരുണയുടെ സ്പർശനത്തിനും സൗഖ്യദായക പരിവേഷം നൽകുകയാണ് വി. ജോൺ ഓഫ് ഗോഡും ബ്രദർ ഫോർത്തുനാത്തൂസും. അതോടൊപ്പം ഹോസ്പിറ്റാലിറ്റിക്ക് ലാളിത്യത്തിന്റെ നിറവും മണവും ചാലിച്ച് ആഗോള ഹോസ്പിറ്റലർ സഭയോടൊത്ത് കൈകോർത്ത് ചരിക്കാൻ എസ്.സി.ജെ.ജിക്ക് താങ്ങും തണലും പ്രചോദനവും നൽകുകയാണ് സെന്റ് ജോൺ ഓഫ് ഗോഡ് ബ്രദേഴ്സ്.

ചരിത്രവഴികളിലൂടെ കടന്നുപോകുമ്പോൾ പിൻതിരി



*Final Profession (1992)*

ഞ്ഞുനോക്കി നല്ല തമ്പുരാന് നന്ദി പറയേണ്ട ഒട്ടനവധി നിമിഷങ്ങളുണ്ട്. ഹൈറേഞ്ച് നിവാസികളുടെ ചിരകാല സ്വപ്നമായിരുന്ന ഒരു ഹോസ്പിറ്റലിന് 1968 ജൂൺ 27 ന് ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ മാത്യു കാവുകാട്ട് തറക്കല്ലിട്ടു. പിന്നീട് ആലംബ ഹീനർക്കായി പ്രതീക്ഷാഭവൻ എന്ന അഗതിമന്ദിരവും രൂപീകരിച്ചു. അവിടെ സ്ത്രീകളുടെ സേവനം ആവശ്യമായി വന്നപ്പോഴാണ് ബ്രദർ ഫോർത്തുനാത്തൂസ് 1977 സെപറ്റംബർ 8 ന് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് എന്ന സന്യാസിനി സമൂഹം ആരംഭിച്ചത്. സേവനോദ്ദേശ്യം സാക്ഷാത്കരിക്കുന്നതിനാവശ്യമായ ആധ്യാത്മിക നിയന്ത്രണം നൽകുന്നതിന് ചങ്ങനാശ്ശേരി പ്രൊവിൻസിലെ ഫ്രാൻസിസ്ക്കൻ ക്ലാരസമൂഹാംഗമായ ബഹു. സി. ബറോമിയോയെ ചുമതലപ്പെടുത്തി. 1982 ഫെബ്രുവരി 24 ന് കാഞ്ഞിരപ്പള്ളി രൂപതാധ്യ



*Generalate Blessing (1994)*

ക്ഷൻ മാർ ജോസഫ് പൗവ്വത്തിൽ ഈ സമൂഹത്തിന്റെ നിയമാവലിക്ക് താൽക്കാലിക അംഗീകാരം നൽകി. 1984 ജനുവരി 10 ന് സ്ഥാപകാംഗങ്ങൾ 7 പേർ അഭിവന്ദ്യ പൗവ്വത്തിൽ പിതാവിൽ നിന്ന് പ്രഥമവ്രതവാഗ്ദാനം സ്വീകരിച്ചു.

1992 ഡിസംബർ 1-6 വരെ ആദ്യത്തെ ജനറൽ സിനാക്സിസ് നടന്നു. ആധ്യാത്മിക ശുശ്രൂഷാ രംഗത്ത് ഹോസ്പിറ്റലർ ബ്രദേഴ്സിനോടൊപ്പം സഹകരിച്ച് പ്രവർത്തിക്കുന്ന സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡിനെ 500 വർഷത്തെ പാരമ്പര്യവും ആദ്ധ്യാത്മികതയും ഉള്ള ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസഭാ കുടുംബവുമായി 1997 ൽ അന്നത്തെ ജനറൽ ബഹു. ബ്രദർ പാസ്ക്കൻ പീലസ് അഗ്രിഗേറ്റ് ചെയ്തു.

വേദനിക്കുന്ന സഹോദരങ്ങൾക്ക് അമ്മയും സ്നേഹി



*First Election (1992)*

തയും സഹോദരിയുമായി സേവനം ചെയ്യാൻ ഇറങ്ങിത്തിരിച്ച എസ്.സി.ജെ.ജി സഹോദരിമാർ ഹോസ്പിറ്റൽ, ആതുരാലയങ്ങൾ, ഇടവക പ്രവർത്തനങ്ങൾ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, സ്പെഷ്യൽ സ്കൂൾ, മിഷൻ പ്രവർത്തനങ്ങൾ എന്നിവയിൽ സജ്ജീവമായി പങ്കെടുക്കുന്നു. ദൈവത്തിന്റെ ശക്തമായ അനുഗ്രഹങ്ങൾ എസ്.സി.ജെ.ജിയുടെ ഓരോ കാൽവയ്പിലും നൽകിയതിന്റെ പ്രതിഫലനമാണ് വിജയത്തിന്റെ, വളർച്ചയുടെ ഓരോ നാൾവഴികളും.

സ്ഥാപകപിതാവായ ബ്രദർ ഫോർത്തുനാത്തൂസും, സഹസ്ഥാപകനായ ബ്രദർ പ്രകാശും, ബ്രദർ അൽഫോൻസും കാണിച്ചുതന്ന സേവനമാതൃക സ്വായത്തമാക്കി ഇന്ന് കട്ടപ്പന, പൊടിമറ്റം, കൊരട്ടി, ആയാംകുടി, അടൂർ, അമ്മംകുളം, വെള്ളൂർ, ട്രിച്ചി, ഒറീസ, ഝാന്ദാ, മദ്ധ്യപ്രദേശ്, യൂറോപ്പ് തുടങ്ങിയ പ്രദേശങ്ങളിലൂടെ തങ്ങളുടെ സേവനപാതയിലൂടെ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് മുന്നേറിക്കൊണ്ടിരിക്കുന്നു.....

# ദൈവത്തിന്റെ കരുണ പെയ്തിറങ്ങിയ ദിനങ്ങൾ



സി. ബിൻസി ജോസ്
SCJG

**2013** ജൂലൈ 15 നാണ് കുഞ്ഞു ഷെഫീക്കിനെ കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയിലെ ന്യൂറോസർജിക്കൽ ഐ. സി.യുവിൽ ആഡ്മിറ്റ് ആക്കുന്നത്. എന്റെ 17 വർഷത്തെ ശുശ്രൂഷാ ജീവിതത്തിൽ ഒരു രോഗിയെ കാണുമ്പോൾ ബാഹ്യ മായി ഏകദേശം മനസ്സിലാക്കാൻ പറ്റും ജീവിതത്തിലേയ്ക്ക് തിരിച്ച് വരുമോ ഇല്ലയോയെന്ന്. കുഞ്ഞു ഷെഫീക്കിനെ കണ്ടപ്പോൾ എനിക്കു തോന്നി ഏതാനും മണിക്കൂറു കൂടിയേ ആ ജീവൻ ഈ ഭൂമിയിൽ ഉണ്ടാകൂ എന്ന്. നമ്മുടെയൊക്കെ വീടുകളിൽ ഒരാൾ രോഗിയായാൽ വിവരങ്ങൾ നാം എപ്പോഴും തിരക്കും. എപ്പോഴും പുറത്ത് കാവലായി ഒരാൾ ഉണ്ടാകും. എന്നാൽ ഇതിനു വിപരീതമായി തെല്ലും ആശങ്കയോ ദുഃഖമോ ഇല്ലാതെ മൂന്നു വർഷത്തോളം ശാരീരികവും മാനസികവുമായി പീഢിപ്പിച്ച അച്ഛന്റെയും രണ്ടാനമ്മയുടെയും നിർവികാരത ഏതൊരാളുടെയും മനഃസാക്ഷിയെ പിടിച്ചുലയ്ക്കും. സ്വന്തം അമ്മയും ഇതിന് വിഭിന്നമല്ല. അവരും ഒരു രോഗിയെ കാണുന്നതു പോലെ വന്നുപോയി. പെറ്റമ്മയ്ക്ക് തന്റെ കുഞ്ഞിനെ മറക്കാനാവുമോ എന്ന ആപ്തവാക്യത്തിന് പ്രസക്തിയില്ലാത്തതുപോലെ.!!



ജീവൻ തിരിച്ചുകിട്ടിയ സന്തോഷത്തിൽ കട്ടപ്പനയിലെ സെന്റ് ജോൺസ് ഹോസ്പിറ്റലിൽ

മനുഷ്യ ബുദ്ധിക്ക് ചിന്തിക്കാൻ പറ്റാത്ത വിധം ദൈവം അവനെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരുന്ന ഒരു അനുഭവമാണ് ഓരോ ദിവസവും കാണാൻ സാധിച്ചിട്ടുള്ളത്. ഡോ. നിഷാന്തിന്റെ നേതൃത്വത്തിൽ കുറെ ഡോക്ടർമാരും എന്റെ കൂടെയുള്ള സഹോദരികളും അവനെ ശുശ്രൂഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത ആ ധന്യ നിമിഷങ്ങൾ. ഓരോ ദിവസം അവനിൽ വ്യത്യാസങ്ങൾ കണ്ടു തുടങ്ങി. അവനെ ശുശ്രൂഷിക്കാൻ കിട്ടിയ നിമിഷങ്ങൾ ഒരു ഭാഗ്യമായി ഞാൻ കാണുന്നു. ഒരമ്മയെപ്പോലെ അവനെ നോക്കാൻ കഴിഞ്ഞു എന്നു പറയുന്നതിൽ ഒത്തിരിയേറെ സന്തോഷമുണ്ട്. അവനെ കയ്യിലെടുത്തു പിടിക്കുന്നതും ഉമ്മ വയ്ക്കുന്നതുമെല്ലാം അവനിഷ്ടമായിരുന്നു എന്ന് അവന്റെ ഓരോ ചലനത്തിലൂടെ മനസ്സിലാക്കാൻ സാധിച്ചു. എനിക്കു കിട്ടുന്ന സമയങ്ങളിലെല്ലാം അവനെ കയ്യിലെടുത്ത് പിടിച്ച് പ്രാർത്ഥിക്കുകയും കൊന്ത ചൊല്ലുകയും ചെയ്ത നിമിഷങ്ങൾ. വീട്ടിൽ ആരെങ്കിലും സഹായത്തിനെത്തുന്നവരെ വെറും കൈയായി പറഞ്ഞയയ്ക്കാത്ത എന്റെ അമ്മയാണ് ഇതിന് പിന്നിൽ എനിക്ക് പ്രചോദനമായത്. എന്റെ കൂടെ ഉണ്ടായിരുന്ന എന്റെ ഡിപ്പാർട്ടുമെന്റിലെ എന്റെ സഹോദരങ്ങളുടെ രാപകലില്ലാത്ത ശുശ്രൂഷ ഒരിക്കലും മറക്കാൻ പറ്റുന്നതല്ല. അവരെ ഓരോരുത്തരേയും ഈശോ പ്രത്യേകമായി അനുഗ്രഹിച്ചു എന്ന് പറയുന്നതിൽ സന്തോഷമുണ്ട്. 3 ആഴ്ചത്തെ ശുശ്രൂഷയിലൂടെ അവൻ പുതുജീവിതത്തിലേയ്ക്ക് തിരിച്ചുവരുവാൻ തുടങ്ങി. തുടർ ചികിത്സക്കായി വെല്ലൂരിലേയ്ക്ക് കൊണ്ടുപോയപ്പോൾ ഞാനും ബ്ലെസ്സിയും ആണ് അവനെ മാറിമാറി കൈകളിൽ എടുത്തത്. തക്കസമയത്ത് മരുന്നും fluid ഉം നൽകിക്കൊണ്ടിരുന്നു. അവിടെ ചെന്നപ്പോൾ ഡോക്ടേഴ്സ് ഞങ്ങളെ കാത്തു നില്പുണ്ടാ യിരുന്നു. അവനെ അവിടെ ആക്കാൻ ആരെങ്കിലും female bystander വേണം. കൂട്ടത്തിൽ വന്നവർക്ക് ആരോഗ്യപരമായ കാരണങ്ങളാൽ അതിന് സാധിക്കത്തില്ല എന്നു പറഞ്ഞപ്പോൾ ശരിക്കും കരഞ്ഞുപോയ നിമിഷങ്ങളായിരുന്നു അത്. അവനെ ഇവിടേയ്ക്ക് കൊണ്ടുവരേണ്ടായിരുന്നു എന്ന് ചിന്തിച്ചുപോയി. ദൈവം അവനെ ഇത്രയും സുഖപ്പെടുത്തി ഇനിയുള്ള കാര്യവും അവിടുന്ന് നോക്കിക്കൊള്ളും എന്ന ഉറച്ച ബോധ്യമായിരുന്നു എനിക്കുണ്ടായി രുന്നത്.



വെല്ലൂരിൽ ഒരു അമ്മയുടെ സ്നേഹം

ഇപ്പോൾ നാം അറിഞ്ഞ സംഭവങ്ങൾ വളരെ കുറച്ചു മാത്രം. ഇങ്ങനെ എത്രയോ വലുതും ചെറുതുമായ ഷെഫീക്കുമാർ ഒരു നേരത്തെ ഭക്ഷണത്തിനായും ഒരിത്തിരി സ്നേഹത്തിനായി വെമ്പൽ കൊണ്ട് ഈ ഭൂമിയിൽ ജീവിക്കുന്നു. ഇനി അവരെയാണ് കണ്ടെത്തേണ്ടതും ശുശ്രൂഷിക്കേണ്ടതും. നാം വയറു നിറച്ച് ഭക്ഷണം കഴിച്ച് യാതൊരു കുറവു മില്ലാതെ ജീവിക്കുമ്പോൾ നമ്മുടെ അയല്പക്കത്തുള്ള വീട്ടുകാർ ഒരു നേരത്തെ ഭക്ഷണം കഴിച്ചോ, അവർക്ക് അവരുടെ കുട്ടികളെ പഠിപ്പിക്കാൻ കഴിയുന്നുണ്ടോ എന്നൊക്കെ നമ്മിൽ എത്രപേർ ചിന്തിക്കുന്നുണ്ട്. ഈ ഭൂമിയിലെ നമ്മുടെ ജീവിതം എത്രയോ ഹ്രസ്വം എന്ന് ചിന്തിക്കാതെ ഭൗതിക വസ്തുക്കൾ ഉണ്ടാക്കാനുള്ള ബദ്ധപ്പാടിൽ നമ്മൾ ഓടുകയാണ്. മരണക്കിടക്കയിൽവച്ച് ഓർത്തിട്ട് കാര്യമില്ല. ഇപ്പോഴാണ് നമുക്ക് നന്മ ചെയ്യാനുള്ള സമയം. അത് നഷ്ടപ്പെടുത്തരുത്. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലൂടെ നാം ജീവിക്കുന്ന ചുറ്റുപാടുകളിൽ ചെറിയ ചെറിയ നന്മകൾ ചെയ്ത് നമ്മുടെ ജീവിതം കൂടുതൽ ശോഭനമാക്കാം. ഉള്ളവനും ഇല്ലാത്തവനും എല്ലാം രോഗിയാകുമ്പോൾ അവൻ നിസഹായനാണ് എന്ന കാര്യം നമുക്ക് മറക്കാതിരിക്കാം....

*Shafeek, the victim of cruelty, neglected by his own parents, happened to be cared in St. John's Hospital, Kattappana . Sr. Bincy, who cared him is sharing her experience. " How many 'Shafeeks are around us!!. We often ignore them in our busy & crazy life style. We can change their fate and make them fortune.*

# ഫൈലിൻ സ്മരണകളിലൂടെ....

വേനലിന്റെ കനത്ത ആഘാതത്തിൽനിന്നും നനുത്ത മഴയാൽ ദരിദ്രരായ കർഷകർ തങ്ങളുടെ സ്വപ്നം മെയ്സായും, ചോളമായും റാഗിയായും നെല്ലായുമെല്ലാം കൃഷിയിടങ്ങളിൽ വിതച്ച്, അവ വളർന്ന് വിളവെടുക്കുവാൻ പാകമായി നിൽക്കുന്നു. അവയെ നോക്കി എത്രയോ നെടുവീർപ്പുകളും സ്വപ്നങ്ങളും അവർ നെയ്തിരിക്കുന്നു.



മഴക്കാലത്തിൽ അവയൊക്കെ ഹർഷപുളകിതരായിരിക്കുന്നു. ഒറീസയിലെ ജനങ്ങളുടെ സ്വപ്ന സാക്ഷാത്ക്കാരമാണ് വിളവെടുക്കാറായ ഓരോ കൃഷിയിടവും. എന്നാൽ 2013 ഒക്ടോബർ മാസം പതിവുതെറ്റിക്കുന്ന സൂചനകളും അനുഭവങ്ങളും സഹനങ്ങളുമായിരുന്നു പ്രകൃതി സമ്മാനിച്ചത്. ഈ മനസ്സുകളിൽ ഇപ്പോഴും അതിന്റെ അലയടികളുടെ ശബ്ദം ഞങ്ങ ൾക്ക് കേൾക്കാം.



കഴിഞ്ഞ മഴയത്തും കാറ്റത്തും ഇടിഞ്ഞു പോയതാ സിസ്റ്ററേ ഈ വീടുകണ്ടോ! ഞങ്ങൾക്ക് ഒന്നും തരുന്നില്ലേ? വൃദ്ധയായ അമ്മയുടെ ചോദ്യവും നിൽപ്പും അവസ്ഥയും കാണുമ്പോൾ അറിയാതെ എന്നിൽ നെടുവീർപ്പ് ഉയർന്നു. ദൈവമേ, ഇവർക്ക് നൽകാൻ എന്തുണ്ട്?

2013 ഒക്ടോബർ 12 ഇങ്ങനെ ഒത്തിരി നെഞ്ചുകളിൽനിന്നും നെടുവീർപ്പുകൾ ഉയർന്ന ദിനരാത്രിയായിരുന്നു. പരസ്പരം കണ്ടുമുട്ടുന്നവർ, ഫോൺവഴി സന്ദേശങ്ങൾ കൈമാറുന്നവർ പറഞ്ഞു. നാളെ നിന്നെ കാണാനാവുമോ? നാളെ നിന്റെ ശബ്ദം കേൾക്കാനാവുമോ എന്നറിയില്ല എന്ന്! അനേകായിരങ്ങളുടെ നെടുവീർപ്പുകൾ കരുണയുള്ളവനായ ദൈവത്തിന് തള്ളിക്കളയാനാവില്ല എന്ന് അനുഭവിച്ചറിഞ്ഞ ദിനരാത്രങ്ങൾ ഇന്നും മനസ്സിൽ തെളിഞ്ഞുവരുന്നു.



സമയം വൈകുന്നേരം 4 മണിയോടടുത്തു. അതുവരെ വീശിയിരുന്ന കാറ്റിന്റെ വേഗത ശക്തമാകാൻ തുടങ്ങി. ഞങ്ങൾ താമസിച്ചിരുന്ന വീട് ദുർബലമായതിനാൽ ടിൻ ഷീറ്റ് കാറ്റിന്റെ താളത്തിലാടാൻ തുടങ്ങിയപ്പോൾ ഗ്രാമവാസികളുടെ നിർബന്ധത്തിനു വഴങ്ങി സിസ്റ്റേഴ്സ് ഞങ്ങൾ മൂന്നുപേരും ഗ്രാമത്തിലുള്ള ഒരു വാർക്കവീട്ടിലേക്ക് പോയി. ഒരിടത്തും എന്റേത് നിന്റേത് എന്ന ചിന്തയില്ലാതെ ആദിമ ക്രൈസ്തവ സമൂഹംപോലെ ജനങ്ങൾ ഒന്നിച്ചിരുന്നു. എല്ലാവരുടെയും മുഖത്ത് ഭീതി മാത്രം. ചുറ്റുമുള്ള വീടുകളുടെ മേൽക്കൂരകൾ ഇളകിവീഴുന്നതിന്റെയും ശബ്ദം കേൾക്കാൻ തുടങ്ങി. നേരം ഇരുളുന്തോറും കാറ്റിന്റെ വേഗതയേറി. ഗ്രാമവാസികൾ ഒന്നിച്ച് മുട്ടിന്മേൽനിന്ന് ജപമാല കൈകളിലേന്തി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം തേടി, നെഞ്ചുരുകി പ്രാർത്ഥിച്ചത് ഇപ്പോഴും ഓർക്കുന്നു.




**സി. അൻസാ ജോൺ SCJG**


തളർച്ചയിൽ ആശ്വാസമേകുന്ന അമ്മ, തകർച്ചയിൽ ഒന്നുചേരുന്ന അമ്മ ഞങ്ങളോടൊത്തായിരുന്ന അവിസ്മരണീയ ദിനം.

ചീറിയടിച്ച കാറ്റിന്റേയും ഇരമ്പിക്കയറിയ വെള്ളത്തിന്റെയും ശക്തിയാൽ നഗരപ്രദേശങ്ങളായ ഗോപാൽപ്പൂർ, ബേരാംപൂർ എന്നിവിടങ്ങളിലും വൈദ്യുതി, ഗതാഗതം, വാർത്താവിനിമയ സംവിധാനങ്ങളെല്ലാം നിലംപറ്റിയത്. വളരെ ഭീതിജനകമായിരുന്നു. വഴിയോരങ്ങളിലെ ജനങ്ങളെല്ലാം സർക്കാരിന്റെ മുന്നറിയിപ്പിൽ തങ്ങൾക്ക് സുരക്ഷിതമായി കാണുന്ന സർക്കാർ സ്കൂളുകളിലേയ്ക്ക് മാറ്റപ്പെട്ടു. തങ്ങൾക്ക് സ്വന്തമായുള്ള വീടുകളിൽ നിന്നും അമൂല്യമായിക്കരുതുന്നതെല്ലാം കൈയിലൊതുക്കി.



ഒക്ടോബർ 13 പ്രഭാതം. ഞങ്ങൾ മുറ്റത്തിറങ്ങി പരസ്പരം നോക്കി. നമ്മൾ ഉണ്ടല്ലോ... ദൈവത്തിന്റെ കൃപ ഒരു ആശ്വാസ നെടുവീർപ്പ്. രാത്രിയിൽ ഭീതിയോടെ ഒന്നിച്ചിരുന്ന ജനങ്ങൾ ഓരോരുത്തരായി പുറത്തുവരാൻ തുടങ്ങി. ഗ്രാമത്തിലൂടെ നടന്നു നീങ്ങുമ്പോൾ മനസ്സു നുറുങ്ങുന്നതുപോലെ തോന്നി. പലവീടുകളും നിലം പതിച്ചിരിക്കുന്നു. കമ്പുകൾ അടുക്കിവച്ച് മണ്ണുതേച്ച് ഉണ്ടാക്കിയിരിക്കുന്ന വീടുകളായിരുന്നു ഭൂരിപക്ഷവും. അവ നാമമാത്രമായി അവശേഷിക്കുന്നു.

തുടർന്നുള്ള ദിനങ്ങൾ ചാന്തിപ്പുട്ട് ഗ്രാമപഞ്ചായത്തിനു കീഴിലുള്ളതും ചാന്തിപ്പുട്ട് പാരിഷിലുള്ളതുമായ 29 ഗ്രാമങ്ങളിലേക്ക് വേഗതയിൽ

*Phaillin is a Violent cyclone wind hit aganist the coastal areas of Andra Pradesh & Odisha on 12th October 2013. Our sisters in Cahndiput, Odisha, share their experiences of the horrible hours and saying Phaillin destroyed the poor Villager's small huts and dreams. Your mercy may rebuilt both for them.*

# മധുരം പങ്കുവയ്ക്കുന്ന സ്നേഹം



ഇത്തവണ ക്രിസ്മസ് ദിനത്തിൽ ഉണ്ണീശോയ്ക്ക് കാഴ്ചയേകാൻ കേക്കുമായി മന്നാൻകുടി കോളനിയിൽ എത്തുക എന്ന സ്വർഗ്ഗീയ സന്ദേശമാണ് എസ്.സി.ജെ.ജി സമൂഹത്തിന് ലഭിച്ചത്. ദൈവപുത്രന്റെ പുഞ്ചിരി നിങ്ങൾക്കവിടെ കാണാമെന്ന് സ്ഥാപക പിതാവായ ദൈവദാസൻ ബ്ര. ഫോർത്തുനാത്തൂസിന്റെ ഉപദേശവുംകൂടിയായപ്പോൾ സുപ്പീരിയർ ജനറൽ ബഹു. സി. വിമലാ ജോർജ്ജിനും സഹോദരി സംഘത്തിനും പിന്നെ സംശയമുണ്ടായില്ല. പ്രസിദ്ധമായ കാഞ്ചിയാർ - അഞ്ചുരുളി ഡാമിനടുത്തുള്ള ഒരു വനപ്രദേശമാണ് മന്നാൻകുടി കോളനി. കസ്തൂരിരംഗൻ നോട്ടമിട്ടു പോയിരിക്കുന്ന

**<u>To see Jesus' smile</u>**

*SCJG sisters visited the tribals at Mannakudy near Anjuruli, to distribute cakes during the last Christmas. Holding the cakes they smiled..... and through them Child Jesus too.*



സി. ഡിലീഷ്യാ
SCJG

സ്ഥലം. ആരൊക്കെ നോട്ടമിട്ടാലും അവരുടെ ഒരു ചാൺ വയറു നിറയണമെങ്കിൽ പ്രകൃതിയോട് മല്ലടിക്കണം. ഈ ഹൈ-ടെക് യുഗത്തിലും അവർക്ക് പാർപ്പിടം പുല്ലുമേഞ്ഞ വീടുകൾ തന്നെ. വൈദ്യുതിയോ അടിസ്ഥാനസൗകര്യങ്ങളോ അവരെ ഇന്നോളം സേവിച്ചിട്ടില്ല. ക്ഷീണിതരായ കുട്ടികളും മെലിഞ്ഞുണങ്ങിയ വൃദ്ധജനങ്ങളും അദ്ധ്വാനിച്ചു പൊരുതുന്ന കുടുംബകർത്താക്കളും ചേർന്ന ഒരു ആദിവാസിമേഖല.



വനത്തിലൂടെ 2 മണിക്കൂറോളം ഞങ്ങൾ നടത്തിയ കാൽനടയാത്രയിൽ ഒരു ചെറിയ സാഹസികത ഞങ്ങൾക്ക് നുകരാനായി. ഞങ്ങളുടെ ഉൾത്താരിൽ ഒരു ദിവ്യനക്ഷത്രം ഞങ്ങൾക്ക് മുമ്പേ വഴികാട്ടി നടന്നിരുന്നു. ഏകദേശം 43 കുടിലുകൾ ഞങ്ങൾ കണ്ടു. പുതുതായി പണിതീർത്ത ഒരു ഏക അദ്ധ്യാപക വിദ്യാലയത്തിൽ ചെന്നെത്തി. കേക്കു നീട്ടിയ ഞങ്ങളുടെ കൈകളിൽനിന്ന് അവർ ഓരോരുത്തരും കേക്കു വാങ്ങിയത് പട്ടണത്തിലെ കുട്ടിക്ക് ഒരു കംപ്യൂട്ടർ ലഭിക്കുന്നതിലും ആഹ്ലാദത്തോടെയാണ്. അവരുടെ പുഞ്ചിരിയിൽ ഉണ്ണീശോ ചിരിക്കുന്നത് സ്ഥാപക പിതാവിന്റെ വാക്കുകൾപോലെ ഞങ്ങൾ കണ്ടു. ആ പുഞ്ചിരി കിട്ടാൻ വിതരണം ചെയ്യുന്ന കേക്കുകൾ തീരരുതേ എന്നായിരുന്നു പിന്നെ ഞങ്ങളുടെ പ്രാർത്ഥന..

---

എത്തുക എന്ന തീക്ഷ്ണതയായിരുന്നു ഞങ്ങളുടേത്. രാവിലെ മുതൽ നടക്കാൻ തുടങ്ങും വഴിയോരക്കാഴ്ചകൾ കരളലിയിക്കുന്നതായിരുന്നു. പകുതിയിലേറെ പാകമെത്തിയ മെയ്സ് നിലം പരിശായി കിടക്കുന്നു.

ഗ്രാമങ്ങളിലെ ദയനീയാവസ്ഥ പല റിപ്പോർട്ടുകളാക്കി സഹായത്തിനായി പല വാതിലുകൾ മുട്ടുക എന്നത് അത്യന്താപേക്ഷിതമായിരുന്നു. അതിനായി ഞങ്ങൾ കടന്നുചെല്ലുമ്പോൾ പരസ്പരം അലമുറയിടുന്ന ജനങ്ങൾ. ആരെ ഒഴിവാക്കാനാവും! സന്ദേഹവും നെടുവീർപ്പുംകൊണ്ട് ശ്വാസം മുട്ടുന്ന അനുഭവമായിരുന്നു എനിക്ക്.

ചുഴലിക്കാറ്റിന്റെ ആഘാതത്തിൽനിന്നും കരകയറാൻ തുടങ്ങിയ ജനങ്ങൾക്ക് വീണ്ടും തോരാതെ പെയ്തമഴയിൽ സ്വന്തമായതെല്ലാം നഷ്ടപ്പെട്ടു.

ഇതിൽനിന്ന് അല്പമെങ്കിലും സഹായ ഹസ്തമായി ബേരാംപൂർ രൂപതവഴി ജാതിമതഭേദമെന്യേ രണ്ടുഘട്ടങ്ങളിലായി റിലീഫ് നൽകപ്പെട്ടു. അന്ധകാരത്തിൽ മെഴുകുതിരിവെട്ടംപോലെ ഇത് ജനങ്ങൾക്ക് ആശ്വാസമായി. ഇനിയും അതുകൊണ്ടെന്താകാൻ! മാറിമാറി വരുന്ന പ്രകൃതി ദുരന്തങ്ങളിൽ ജീവിതം ദുരിതമായി മാറുമ്പോൾ, ഇതിനൊക്കെ ആത്യന്തികമായ ഒരു പരിഹാരം കണ്ടെത്താൻ ഇനിയും എത്രയേറെ മാറ്റങ്ങൾ വരേണ്ടിയിരിക്കുന്നു. ഗ്രാമങ്ങളിലെ സ്കൂളുകളിൽ വിദ്യാഭ്യാസം വിദ്യാധനമായി മാറാൻ! ആരോഗ്യം സമ്പത്തായി മാറാൻ ജീവിതശുചിത്വം ശീലമായി മാറാൻ, കുട്ടികളുടെ ഭാവിയാൽ നല്ലൊരു സമൂഹം രൂപപ്പെടാൻ അനേകം ഹൃദയങ്ങളിലേക്ക് ഈ നൊമ്പരം പ്രകമ്പനം കൊള്ളട്ടെ.

# ബ്രദർ ഫോർത്തുനാത്തൂസ് മെമ്മോറിയൽ ഓൾഡ് ഏജ് ഹോം, അടൂർ

*Bro. Forthunatus Thanhauser Old age Home, Adoor has been established for the old & abandoned women. But after reach this home they are no more abandoned. Following the spirit charism of the Founder Bro. Fortunatus, the sisters try to rejuvenate their creativity and power through a noble life style and prayer life. They are the winners of 2nd prize in the District Old age Fest of Pathanamthitta, 2013. They are also fortunate to get the mercy of many benevolent benefactors of Adoor.*



സി. മേഴ്സി തോമസ്
SCJG

'സഹോദരരെ നിങ്ങൾക്കിപ്പോൾ സമയമുണ്ട്. കഴിവനുസരിച്ച് നന്മ ചെയ്യുവിൻ' എന്ന വി. ജോൺ ഓഫ് ഗോഡിന്റെ വാക്കുകൾ പ്രവർത്തിപഥത്തിൽ എത്തിക്കുവാൻ ജന്മനാടായ ജർമ്മനിയുടെ സമ്പന്നത ഇട്ടെറിഞ്ഞ് ആർഷഭാരതത്തിൽ എത്തിയ മഹാനായ മനുഷ്യസ്നേഹിയാണ് ബ്രദർ ഫോർത്തുനാത്തൂസ് താൻ ഹോയ്സർ. ഈ പുണ്യാത്മാവിന്റെ ചൈതന്യം കർമ്മരംഗത്ത് എത്തിക്കാൻ ചങ്ങനാശ്ശേരി അതിരൂപതയുടെ കീഴിൽ 2002 സെപ്റ്റംബർ 15ന് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡിന്റെ ഒരു ഭവനം പത്തനംതിട്ട ജില്ലയിൽ അടൂർ ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ചു. പിന്നീട് 2008 മുതൽ ഈ ഭവനം ബ്രദർ ഫോർത്തുനാത്തൂസ് മെമ്മോറിയൽ ഓൾഡ് ഏജ് ഹോം എന്നപേരിൽ അനാഥരും പാവപ്പെട്ടവരുമായ 25 പേർക്ക് താമസിക്കാൻ സൗകര്യമുള്ള വുമൺസ് ഓൾഡ് ഏജ് ഹോം ആയി പ്രവർത്തിച്ചുവരുന്നു.



വി. ജോൺ ഓഫ് ഗോഡിന്റെ അനുഗ്രഹാശിസ്സുകൾക്കൊപ്പം ബ്രദർ ഫോർത്തുനാത്തൂസിന്റെ സേവന ചൈതന്യം ഒരു മേഘവലയംപോലെ നിറഞ്ഞു നിൽക്കുന്ന ഈ സ്ഥാപനത്തിൽ നമ്മുടെ സമ്പത്തായ അനാഥരോടും പാവങ്ങളോടുമൊപ്പം ആയിരിക്കുമ്പോൾ ഒത്തിരി സന്തോഷമുണ്ട്. പല സമ്പന്നന്റെയും ധനവാന്റെയും മുന്നിൽ, പല വലിയവന്റെയും മേലാളന്മാരുടെയും മുന്നിൽ, പല സ്വാർത്ഥതയുടെയും സ്ഥാനമാനങ്ങളുടെയും മുന്നിൽ ഇന്ന് ജന്മം നൽകി വളർത്തിയ മാതാപിതാക്കൾ ഭാരമായിത്തീരുകയാണ്. നമുക്ക്ചുറ്റും നിസ്സഹായരെ സഹായിക്കുവാനോ ബലമില്ലാത്തവന് ബലം നൽകുവാനോ സ്വന്തം കാര്യങ്ങൾ ചെയ്യാൻ കെല്പില്ലാത്തവന് കൈത്താങ്ങ് ആകുവാനോ ഇന്ന് ആരുമില്ലാതാവുകയാണ്. എന്നാൽ അടൂർ സ്ഥാപനത്തിൽ എത്തിച്ചേർന്ന ഒരാൾ പോലും പിന്നീട് അനാഥയാണ് എന്ന് തോന്നിക്കാൻ നല്ല തമ്പുരാൻ ഇടയാക്കിയിട്ടില്ല. ദൈവാനുഗ്രഹം നിറഞ്ഞുനിൽക്കുന്ന ഈ സ്ഥാപനത്തിൽ ഒന്നുചേർന്ന് കൈകോർക്കുവാൻ ദൈവം കൂടെയുണ്ട് എപ്പോഴും.

ഭരിക്കുവാൻ രാജാക്കന്മാരെയും തിരുത്തുവാൻ പ്രവാചകന്മാരെയും വിശുദ്ധീകരിക്കുവാൻ പുരോഹിതന്മാരെയും നൽകിയ ദൈവം, ആവശ്യങ്ങളിൽ തന്റെ ജനത്തിന്റെകൂടെ നടന്നദൈവം, വിശന്നപ്പോഴും ദാഹിച്ചപ്പോഴും മന്നയും കാടപക്ഷിയായും കടന്നുവന്ന ദൈവം, വെയിൽ വന്നപ്പോൾ മേഘമായും ഇരുട്ടുവന്നപ്പോൾ ദീപസ്തംഭമായും ഒപ്പം നടന്ന ദൈവം. അതെ നല്ലതമ്പുരാൻ അടൂർ നിവാസികളിലൂടെയും അറിഞ്ഞും കേട്ടും ഇവിടെ എത്തിയ നല്ല മനുഷ്യരിലൂടെയും ഞങ്ങളുടെ കഷ്ടപ്പാടിലും ബുദ്ധിമുട്ടുകളിലും ദൈവമായി എത്തുകയായിരുന്നു. നമ്മുടെ ഹൃദയത്തിൽ നന്മനിറയുമ്പോൾ ലോകത്തിലുള്ള ഏതു മനുഷ്യന്റെയും നൊമ്പരം നമ്മുടെ നൊമ്പരമായും ഏതൊരുവന്റെയും സന്തോഷം എന്റെ സന്തോഷമായും കാണാൻ കഴിയും എന്ന മഹത്തായ സന്ദേശം പോലെ എസ്.ബി.റ്റി. ബാങ്ക്, ഫെഡറൽ ബാങ്ക്, ലയൺസ് ക്ലബ്, വൈസ്മെൻസ് ക്ലബ്, സ്കൂളുകൾ, കോളേജുകൾ, ഏനാദിമംഗലം പി.എച്ച്.സി, മുൻസിപ്പാലിറ്റി, സപ്ലൈ ഓഫീസ്, വ്യാപാര വ്യവസായ സമിതി എന്നിവയിലൂടെയെല്ലാം ദൈവം ഞങ്ങളുടെ നൊമ്പരങ്ങളിൽ പെയ്തിറങ്ങുകയായിരുന്നു. ഈ ഓൾഡ് ഏജ് ഹോമിന്റെ ആവശ്യം കണ്ടറിഞ്ഞ് ഡ്രസ്സുകളും മരുന്നുകളും ഭക്ഷണവും മറ്റ് സാമ്പത്തിക സഹായവും നൽകിയും ഇവർക്ക് വേണ്ട പ്രാഥമിക കൃത്യങ്ങളിൽ സഹായിച്ചും ഒത്തിരിയേറെ നല്ല മനസ്സുകൾ ഈ സ്ഥാപനത്തിൽ വന്നുപോയി.

'ഈ ആലയത്തിൽ നിന്നുയരുന്ന പ്രാർത്ഥനകൾക്ക് നേരെ എന്റെ കണ്ണും കാതും സദാ ജാഗരൂകരായിരിക്കും' എന്ന തിരുവചനംപോലെ ഈ ഭവനത്തിലെ ഒന്നിച്ചുള്ള പ്രാർത്ഥനയിലൂടെയും ഈ ഭവനത്തിന്റെ ആരംഭം മുതൽ പുരോഹിതർ ഇവിടെവന്ന് ബലിയർപ്പിക്കുന്നതിലൂടെയും പുറത്തുനിന്നുള്ളവർ ഇവിടെ ഒന്നുചേർന്ന് പ്രാർത്ഥിക്കുന്നതിലൂടെയും ഒത്തിരിയേറെ അനുഗ്രഹങ്ങളും സൗഖ്യങ്ങളും ഞങ്ങൾക്കും ഞങ്ങളോട് പ്രാർത്ഥനാ സഹായം ചേദിക്കുന്നവർക്കും ലഭിക്കുന്നുണ്ട്. അതോടൊപ്പം ഈ ഭവനത്തിന്റെ അടുത്തുള്ളവരും അകലെയായിരിക്കുന്നവരും ഇവരെക്കുറിച്ചറിഞ്ഞ് ഇവരോടൊപ്പം ചിരിയും കളിയും പാട്ടുകളും കലാപരിപാടികളുമായി സ്നേഹം പങ്കിടാൻ കടന്നുവരാറുണ്ട്. സ്വന്തങ്ങളിൽ നിന്നും ബന്ധങ്ങളിൽ നിന്നും അകന്നുജീവിക്കുന്ന ഇവർക്ക് ഈ അനുഭവങ്ങൾ ആയുസ്സും സന്തോഷവും വർദ്ധിപ്പിക്കുന്നവയാണ്. കൂടാതെ പല റ്റി.വി. ചാനലുകാരും അവരുടെ പ്രോഗ്രാമുകൾ ഇവരോടൊപ്പം നടത്താൻ കടന്നുവന്നിട്ടുണ്ട്. കാലവും ജീവിത സാഹചര്യങ്ങളുംകൊണ്ട് ഇവർ രോഗികളും പ്രായംചെന്നവരും ആണെന്ന് തോന്നിയാലും കലാകായിക രംഗങ്ങളിൽ അവസരങ്ങൾ ലഭിച്ച ഇവർ മികവു പുലർത്തുന്നു. 2013ലെ പത്തനംതിട്ട ജില്ലാ ഓർഫനേജ് ഫെസ്റ്റിൽ ഈ സ്ഥാപനത്തിലെ മക്കൾക്ക് രണ്ടാം സ്ഥാനവും എവറോളിംഗ് ട്രോഫിയും ലഭിക്കുകയുണ്ടായി. അതുപോലെ ഓണം, ക്രിസ്തുമസ് തുടങ്ങിയ അവസരങ്ങളിൽ ഓണക്കളികൾ നടത്തിയും, പൂക്കളമിട്ടും, കരോൾ ഗാനങ്ങൾ പാടിയും, പുൽക്കൂട് നിർമ്മിച്ചും ഇവർ സന്തോഷം പങ്കിടുന്നു.

ആതുരസേവനം പ്രധാനദൗത്യമായി സ്വീകരിച്ചിരിക്കുന്ന സെന്റ് ജോൺ ഓഫ് ഗോഡ് സഹോദരിമാർ കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഈ കാലയളവിൽ നമുക്കും നമ്മുടെ സഹോദരങ്ങൾക്ക് കൈത്താങ്ങാകാം. നമ്മിലൂടെ നന്മ പെയ്തിറങ്ങാൻ കരുണ ചൊരിയാൻ നമുക്കും ഉപകരണങ്ങളാകാം.........

# സ്ത്രീ..... മാറ്റത്തിന്റെ വക്താവ്

*Many think that the fulfillment of women is in occupying the place of mam. But…. A women becomes what she is only in capturing her existential goodness as a women. Mother Mary is called 'Women' in Holy Scriptures because of her 'gracefulness'*



സി. മോൻസി SCJG

**സ്ത്രീ....** സ്നേഹിക്കാനും കൊടുക്കാനും മറക്കാനും പൊറുക്കാനും പങ്കുവയ്ക്കാനും ഇല്ലാതാക്കാനും നിയോഗിക്കപ്പെട്ടവൾ. അടിച്ചമർത്തപ്പെടുക എന്ന് ഇതിനർത്ഥമില്ല. എവിടെയൊക്കെ അവൾ മുറിഞ്ഞലിയപ്പെടുന്നോ അവിടെയൊക്കെ ജീവന്റെ പുതിയ നാമ്പ് മുളപ്പിക്കാൻ അവൾക്ക് കഴിയും.

മാർച്ച് 8 വനിതാദിനമായി ആഘോഷിക്കുമ്പോൾ സ്ത്രീയുടെ സ്വത്വചിന്തകളെ ഉണർത്തുവാൻ ലഭിച്ചിരിക്കുന്നത് 'Inspring Change' എന്ന വിഷയം ആണ്. സ്ത്രീ പുരുഷ സമത്വ ചിന്തകൾ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കത്തോലിക്കാസഭയിലെ സ്ത്രീ പൗരോഹിത്യ പദവിയൊഴികെ മറ്റെല്ലാ തരംഗങ്ങളിലും കടന്നു ചെല്ലാനും മാറ്റു തെളിയിക്കുവാനും സ്ത്രീക്ക് പുരുഷനോടൊപ്പം സാധിച്ചിട്ടുണ്ട്. എന്നാൽ സ്ത്രീത്വത്തിന്റെ സന്തോഷത്തിലേയ്ക്ക് ഉൾപ്രവേശിക്കാൻ അവൾക്ക് സാധിക്കുന്നുണ്ടോയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.




സ്ത്രീത്വം സഫലമാകുന്നത് സ്ത്രീ പുരുഷന്റെ സ്ഥാനം കയ്യടക്കുമ്പോഴാണ് എന്ന ധാരണ ഇന്ന് പലരിലും കണ്ടുവരുന്നുണ്ട്. സ്ത്രീയെയും പുരുഷനെയും വ്യത്യസ്ഥ സവിശേഷതകളോടെ മെനഞ്ഞ ദൈവം, അവരെ ഏല്പിച്ചിരിക്കുന്നതും വ്യത്യസ്തങ്ങളായ ഉത്തരവാദിത്വങ്ങളാണ്. അദ്ധ്വാനിക്കാനും നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കാനും ആദത്തോട് കല്പിച്ച ദൈവം സ്ത്രീയോട് ആവശ്യപ്പെട്ടത് വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കാനും മാതൃത്വത്തോടെ അവരെ വളർത്താനുമാണ്. പുരുഷൻ അവന്റെ ചുമതലയ്ക്കനുസൃതം കൂടുതൽ ശരീരബലവും കാർക്കശ്യവും സാമൂഹ്യബോധവും ഉള്ളവനായി കാണപ്പെടുമ്പോൾ സ്ത്രീ നല്ലൊരു ശതമാനവും വിധേയത്വവും മാതൃത്വവും ആർദ്രതയും സേവനതല്പരതയും ഹൃദ്യതയും ഉള്ളവളായി കാണപ്പെടുന്നു. ഒരു സ്ത്രീയ്ക്ക് മറ്റുള്ളവരുടെ ജീവിതത്തിൽ പുരുഷനേക്കാളധികം സ്വാധീനം ചെലുത്തുവാൻ കഴിയും. എല്ലാ സ്ത്രൈണ നന്മകളും നിറഞ്ഞ പ. കന്യകാമറിയത്തോളം ലോകത്തെ സ്വാധീനിക്കുന്ന മറ്റൊരാളുണ്ടാകില്ല. കൽക്കട്ടയിലെ തെരുവുകളും അവിടുത്തെ ദുരിതങ്ങളും മദർ തെരേസായ്ക്ക് മുമ്പു പലരും കണ്ടു. എന്നാൽ അമ്മയുടെ ഹൃദയത്തിന്റെ കനിവ് കൽക്കട്ടായുടെ മുഖവും വിധിയും മാറ്റിയെഴുതി. പാക്കിസ്ഥാനിലെ സ്വാത്ത് പ്രവിശ്യായിൽ താലിബാന്റെ ചെയ്തികളെ ഉറച്ച ശബ്ദത്തിൽ കരുത്തുറ്റ മനസ്സോടെ എതിർത്ത പതിനാറുകാരിയായ മലാല ലോകമെങ്ങുമുള്ള സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടിയാണ് പ്രവർത്തിച്ചത്. വീട്ടുജോലികളുടെയും വിവാഹത്തിന്റെയും തടവറകളിൽ അടയ്ക്കപ്പെട്ട അനേകം പെൺകുട്ടികളുടെ ജീവിതത്തിന് വെളിച്ചം തെളിയിക്കാൻ, അവിടെ മാറ്റം വരുത്തുവാൻ മലാലയ്ക്ക് കഴിഞ്ഞു.




ഒരു പെൺകുട്ടി അമ്മയാകുന്നതോടെ അവൾക്ക് സ്വാധീനം ചെലുത്താനുള്ള മേഖലകളും സങ്കീർണ്ണമാകുന്നു. ഭർതൃഗൃഹത്തിൽ, മക്കളുടെയിടയിൽ, ജോലിസ്ഥലങ്ങളിൽ, അവൾ ഇടപെടുന്ന വിവിധ സ്ഥലങ്ങളിൽ മാറ്റത്തിന്റെ തിരി തെളിക്കുവാൻ അവൾക്ക് കഴിയും. ഈ മാറ്റങ്ങൾക്ക് നിദാനം അവളുടെ കഴിവോ അറിവോ സ്ഥാനമാനങ്ങളോ അല്ല, മറിച്ച് അവളിലുള്ള നന്മയാകണം. സമൂഹത്തിൽ മഹത്വവും സ്ഥാനവും സ്ത്രീ ഇരന്നുവാങ്ങേണ്ട കാര്യമില്ല. അനീതികളോട് പോരാടി നല്ലതിനൊടെല്ലാം സഹകരിച്ച് സ്വയം ആർജ്ജിക്കേണ്ടതാണ്. സ്ത്രീ സഹജമായ ക്ഷമയും സ്നേഹവും വിട്ടുവീഴ്ചയും പങ്കുവയ്ക്കലും കാരുണ്യവും സഹിഷ്ണുതയും സ്ത്രീയെ കരുത്തുള്ളവളാക്കും. അങ്ങനെ ലോകത്തിന് പ്രചോദനം നൽകുന്ന തരത്തിൽ താനായിരിക്കുന്നിടത്ത് വേറിട്ട സാക്ഷ്യം നൽകുന്നതിന് അവൾക്ക് ഇടയാകും. മനോധൈര്യം നഷ്ടപ്പെടാതെ, പ്രതിസന്ധികളിൽ പിടിച്ചു നിൽക്കാനും ചുറ്റുപാടുകളിൽ മാറ്റത്തിന്റെ ശംഖൊലി മുഴക്കുവാനും എല്ലാ സ്ത്രീകൾക്കും ഇടയാകട്ടെയെന്ന് ഈ വനിതാദിനത്തിൽ ആശംസിക്കുന്നു......



# മാതളപ്പഴം (ഗ്രാനഡാപ്പിൾ)



സി.റീന എം. SCJG

പ്രകൃതിയുടെ വരദാനമായി ഔഷധ ഗുണങ്ങളും പോഷകമൂല്യങ്ങളും സ്വാദും മനോഹാരിതയും നിറഞ്ഞുതുളുമ്പുന്ന മാതളനാരങ്ങ ലോകത്തിലെവിടേയും അറിയപ്പെടുന്നതാണ്. ഇതിന്റെ നിറവും രൂപവും ആരേയും ആകർഷിക്കുന്നതാണ്.

"Punica grantum" എന്നാണ് ഇതിന്റെ ശാസ്ത്രീയനാമം. 'Pomum granatus' എന്നാണ് ഇതിന്റെ ലാറ്റിൻ പദം. മലയാളത്തിൽ മാതളം, സംസ്കൃതത്തിൽ ഡാഡിമം, ഹിന്ദിയിൽ അനാർ എന്നും വിളിക്കപ്പെടുന്ന ഈ പഴം ഇറാനിൽ ജന്മമെടുത്തതിനാൽ ഉറുമാപഴം, റുമാപഴം, റോമാപഴം എന്നീ പേരുകളിലും അറിയപ്പെടുന്നു. ഒിദേശരാജ്യങ്ങളിൽ Punica, Grenadinepfet, pome granate, granadapple, എന്നീ പേരുകളിലും അറിയപ്പെടുന്നു.



സ്നേഹത്തിന്റെ, അറിവിന്റെ ഫലസമൃദ്ധിയുടെ, സംസ്കാരത്തിന്റെ അടയാളമായ മാതളംപഴം, അഥവാ ഗ്രാനഡാപ്പിൾ ചരിത്ര സമ്പുഷ്ടി നിറഞ്ഞതും രാജകീയവുമായ ഒരു ഫലമാണ്. ക്രിസ്ത്യൻ, ഇസ്ലാം, ബുദ്ധം, ജൂത് മതങ്ങളിൽ സ്ഥാനം പിടിച്ചിരുന്ന ഈ പഴത്തെ സംബന്ധിച്ച് പല മതഗ്രന്ഥങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. ഉദാഹരണമായി ബൈബിളിൽ പുറപ്പാട് 28: 33, 34, 1 രാജാക്കന്മമാർ 7: 18–22, ജോയേൽ 1:2, 1 സാമു വൽ 14:2 എന്നീ ഭാഗങ്ങളിൽ കാണാം.

മാതളപ്പളത്തിന്റെ ഔഷധഗുണങ്ങളിലേയ്ക്ക് തിരിഞ്ഞാൽ; അതിപുരാതന ഭാരതത്തിലെ ആയുർവേദാചാര്യന്മാർ മാതളത്തെ ഹൃദയത്തെ ഉത്തേജിപ്പിക്കുന്ന ഫലമായി വിശേഷിപ്പിച്ചിരിക്കുന്നു. വൈദ്യശാസ്ത്രത്തിൽ ഈ പഴം ആമാശയ വീക്കവും, ഹൃദയ സംബന്ധമായ വേദനയും മാറ്റാനായി ഉപയോഗിച്ചുപോന്നിട്ടുണ്ട്. കൂടാതെ രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഇവ കുറക്കുന്നതിനും കഴിവുള്ളതായി പഠനം തെളിയിക്കുന്നു. മാത്രമല്ല, ക്ഷീണം, വിശപ്പില്ലായ്മ, ദഹനക്കേട്, അതിസാരം എന്നിവയ്ക്കും ഫലപ്രദമായ ഔഷധമാണ്. അടുത്ത കാലത്തായി, ഇസ്രായേൽ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ നടത്തിയ പഠനത്തിൽ ക്യാൻസർ രോഗത്തിനെതിരായും പ്രവർത്തിക്കുന്നതായി കണ്ടെത്തിയി രിക്കുന്നു.

Jacques Derrida എന്ന തത്വചിന്തകൻ ഗ്രാനഡാപ്പിളിനെ ക്രൈസ്തവ സഭയുമായി പ്രതിരൂപപ്പെടുത്തിയിരിക്കുന്നു. തൈയോഷ്മിസ് കാൻജ്സ് എസ്. ജെയുടെ അഭിപ്രായത്തിൽ മാതള നാരങ്ങ അമർത്യതയുടേയും, സ്നേഹത്തി ന്റേയും, ഫലദായകത്വത്തിന്റേയും അതിപുരാതന പ്രതീകമാണ്. മാതളപഴത്തിന്റെ ഉള്ളിൽ നിറഞ്ഞിരിക്കുന്ന മാംസള ഭാഗവും കുരുക്കളും ഫലത്തിന്റെ മേന്മയും അത് ഉല്പാദിപ്പിക്കുന്നവരുടെ സ്നേഹവും പ്രതിഫലിപ്പിക്കുന്നു.

സർവ്വതും മറ്റുള്ളവരുടെ നന്മക്കായി നൽകുന്ന ഈശോയുടെ കരുണാർദ്ര സ്നേഹത്തിന്റെ പ്രതീകമാണ് മാതളനാരങ്ങ എന്ന് അലങ്കാരികമായി പറയാം. അമർത്ത്യതയുടെയും, നിത്യജീവന്റെയും വാഗ്ദാനമായ ഈശോയെ മാതള പഴത്തിലൂടെ ക്രിസ്തീയമായി ദർശിക്കുവാനും കഴിയും.

അനശ്വരമായ ദൈവ മനുഷ്യ സ്നേഹത്തിന്റെ തെളിവാർന്ന അടയാളമാണ് ഇലകളോടും പൂക്കളോടും കൂടി നിറഞ്ഞു നില്ക്കുന്ന ഗ്രാനഡാപ്പിൾ ചെടി. മുറിച്ചു വച്ചിരിക്കുന്ന ഗ്രാനഡാപ്പിൾ പേലെ നാം ഓരോരുത്തരും ദൈവ സ്നേഹമാകുന്ന മാധുര്യത്താൽ നീറുമ്പോൾ മറ്റുള്ളവർക്കായി നമ്മെ തന്നെ നൽകുവാനും അവരുടെ ആത്മീയ, ശാരീരിക, മാനസിക മേഖലകളിൽ ദിവ്യഔഷധമായി മാറുവാനും നമ്മുക്കു സാധിക്കും.

ദൈവത്തിന്റെ വിശുദ്ധ യോഹന്നാന്റെ സഭയിലേയ്ക്ക് നോക്കിയാൽ ദൈവത്തിന്റെ വിശുദ്ധ യോഹന്നാൻ ദൈവസ്വരം ശ്രവിച്ചതും, പാവങ്ങളിലും രോഗികളിലും ഈശോയുടെ തിരുമുഖം ദർശിച്ചതും,

*Granadapple - The Official symbol of St. John of God Family is rich of royal. It has cultural, religious, medicinal and spiritual significance. All the most it symbolizes Jesus, merciful love giving eternal life to all the needy*

സ്പെയിനിലെ ഗ്രാനഡയിൽ വച്ചാണ്. അവിടെ വച്ചുതന്നെയാണ് അദ്ദേഹം കരുണയുടെ സഹോദരന്മാരുടെ (Brothers of St. John of God) സമൂഹത്തിനു രൂപം നൽകിയതും. ഗ്രാനഡാപ്പിൾ ഗ്രാനഡാ നഗരത്തിന്റെ മുദ്രയാണ്. കുരിശോടു കൂടിയ ഗ്രാനഡാപ്പിളിനെയാണ് ദൈവത്തിന്റെ വിശുദ്ധ യോഹന്നാന്റെ സഹോദരന്മാർ സമൂഹത്തിന്റെ മുദ്രയായി തിരഞ്ഞെടു ത്തിരിക്കുന്നത്.

ദൈവത്തിന്റെ വിശുദ്ധ യോഹന്നാന്റെ സഭയിലെ പുണ്യസ്മരണാർഹനായ ബ്രദർ ഫോർത്തുനാത്തൂസ് ഭാരതത്തിൽ, കൊച്ചുകേരളത്തിലെ കട്ടപ്പനയിൽ സ്ഥാപിച്ച വിശുദ്ധ യോഹന്നാന്റെ ഉപവിയുടെ സഹോദരിമാരുടെ സഭയും, തങ്ങളുടെ സമൂഹത്തിന്റെ മുദ്രയായി സ്വീകരിച്ചിരിക്കുന്നത് മാർത്തോമ്മാ കുരിശോടുകൂടിയ മാതളപ്പഴമാണ്.

കുരിശോടുകൂടിയ ഗ്രാനഡാപ്പിൾ സഭയുടെ മുദ്രയായി സ്വീകരിച്ചത്, ക്രിസ്തീയ സന്ദേശത്തിലൂടെ പ്രത്യാശയറ്റവർക്ക് പ്രതീക്ഷയും നിരാശ്രയർക്ക് ആശ്രയവും നിസഹായവർക്ക് സഹായവും നിരാലംബർക്ക് ആലംബവുമാകുകയെന്ന സന്ദേശം ഓർമ്മിപ്പിക്കുന്നതിനും വേണ്ടിയാണ്.

## ഗ്രാനഡാപ്പിളും വെള്ളരിക്കയും ചേർന്ന സാലഡ്

| | | |
|---|---|---|
| ഗ്രാനഡാപ്പിൾ (മാതളനാരങ്ങ) | : | 2 |
| വെള്ളരിക്ക (ചെറുത്) | : | 1 |
| പച്ചമുളക് | : | 1 |
| ഇഞ്ചി | : | വളരെ ചെറിയ കഷണം |
| സവാള | : | 1 |
| ഉപ്പ് | : | 1/4 റ്റീസ്പൂൺ |
| ചെറുനാരങ്ങ | : | 1/2 |
| കുരുമുളകുപൊടി | : | ഒരുഞ്ഞുള്ള് |
| സൂര്യകാന്തി എണ്ണ | : | 2 ഡിസേർട്ട് സ്പൂൺ |
| കട്ടതൈര് | : | 1/2 കപ്പ് |

മാതളനാരങ്ങയുടെ അല്ലികൾ അടർത്തിയെടുത്തതും വെള്ളരിക്ക ചെറുകഷണങ്ങളായി അരിഞ്ഞതും കൂട്ടി യോജിപ്പിച്ച് വയ്ക്കുക. ഒരു ചെറിയ പാത്രത്തിൽ ഉപ്പ്, കുരുമുളകുപൊടി, പച്ചമുളക് ചെറുതായി അരിഞ്ഞത്, സവാള പൊടിയായി കൊത്തിയരിഞ്ഞത്, ചെറുനാരങ്ങയുടെ നീര്, സൂര്യകാന്തി എണ്ണ എന്നിവ സ്പൂൺ ഉപയോഗിച്ച് നന്നായി യോജിപ്പിക്കുക. ഇതിലേയ്ക്ക് തൈര് ഒഴിച്ച് വീണ്ടും നന്നായി ഇളക്കി യോജിപ്പിക്കുക. മാതളനാരങ്ങയോടും വെള്ളരിക്കയോടും ചേർത്ത് നന്നായി ഇളക്കി ചേർത്ത് 5 മിനിറ്റ് മൂടിവയ്ക്കുക, പിന്നീട് എടുത്ത് ഉപയോഗിക്കുക. സാലഡുകൾ ഉണ്ടാക്കി അധികനേരം വയ്ക്കാതിരിക്കുന്നതാണ് ഉത്തമം.



*Compassion leads the heart to do charity. Charity moves the hands in Service. Service helps the lives of the needy more human as well as of the creatures in nature more fruitful. It lifts the world up to be more beautiful than ever*

# സുവിശേഷത്തിന്റെ ആനന്ദം

## ഫ്രാൻസിസ് പാപ്പായുടെ ആദ്യത്തെ അപ്പസ്തോലിക ആഹ്വാനം



ഫ്രാൻസിസ് പാപ്പായുടെ ആദ്യത്തെ അപ്പസ്തോലിക ആഹ്വാനമായ സുവിശേഷത്തിന്റെ ആനന്ദം (Evangelli Guadium) 2013 നവംബർ 26-ാം തീയതിയാണ് പ്രസിദ്ധീകരിച്ചത്. വാതിലുകൾ എപ്പോഴും ഏവർക്കുമായി തുറന്നിടേണ്ട പ്രേഷിതയായ സഭയെക്കുറിച്ചുള്ള ദർശനങ്ങളാണ് സുവിശേഷത്തിന്റെ ആനന്ദം നമ്മുടെ മുൻപിലവതരിപ്പിക്കുന്നത്.

യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയത്തിൽ സുവിശേഷത്തിന്റെ സന്തോഷം നിറയുന്നുവെന്ന് പറഞ്ഞ് ആരംഭിക്കുന്ന അപ്പസ്തോലിക ആഹ്വാനത്തിന് ആമുഖവും അഞ്ച് അധ്യായങ്ങളും ഉപസംഹാരവും ഉണ്ട്.

സുവിശേഷം നമുക്കു നല്കുന്ന ആനന്ദം, നിത്യാനന്ദവും പങ്കുവയ്ക്കേണ്ടതുമായ സന്തോഷം നവ സുവിശേഷ വത്ക്കരണം വിശ്വാസ കൈമാററത്തിന് എപ്രകാരം പ്രയോജനപ്പെടുത്തണം എന്നിവ ആമുഖത്തിൽ വ്യക്തമാക്കിയി രിക്കുന്നു.

സഭയുടെ പ്രേഷിത ദൗത്യമാണ് ആദ്യത്തെ അധ്യായം വിവരിക്കുന്നത്. ഏവരിലേയ്ക്കും കരുണാപൂർവ്വം കടന്നു ചെല്ലേണ്ട സഭ, സഭയുടെ അജപാലനശുശ്രൂഷയും മാനസാന്തരവും, സുവിശേഷം നല്കുന്ന നവീകൃത ചൈതന്യം, സുവിശേഷവത്കരണത്തിനുള്ള മാനുഷിക പരിമിതികൾ, സഭ കാരുണ്യത്തോടെയും തുറവോടെയും വിശ്വാസം കൈമാറ്റം ചെയ്യുന്നതിന്റെ ആവശ്യകത എന്നിവ ഈ ഭാഗത്ത് വിവരിച്ചിരിക്കുന്നു. സുവിശേഷത്തിന്റെ ചൈതന്യവുമായി നേരിട്ട് ബന്ധമില്ലാത്ത ആചാരാനുഷ്ഠാനങ്ങളെ അവയ്ക്ക് എത്ര ആഴമേറിയ ചരിത്ര പാരമ്പര്യമുണ്ടായിരുന്നാലും പുനഃപരിശോധിക്കാൻ സഭ തയ്യാറാകണമെന്ന ആഹ്വാനവും പാപ്പാ നൽകുന്നുണ്ട്.

ആധുനിക ലോകം ഉയർത്തുന്ന വെല്ലുവിളികൾ, അജപാലക ശുശ്രൂഷകർ നേരിടുന്ന പ്രലോഭനങ്ങൾ എന്നീ രണ്ട് ആശയങ്ങളാണ് 2-ാം അധ്യായത്തിൽ വിവരിക്കുന്നത്. ആഗോള സമ്പദ്ഘടനയെ നിശിതമായി ഈ ഭാഗത്ത് പാപ്പാ വിമർശിക്കുന്നുണ്ട്. സ്വതന്ത്രവിപണി നല്കുന്ന ഉത്സാഹത്തോടെയുള്ള സാമ്പത്തിക വളർച്ച സാവധാനം താഴോട്ട് ഒലിച്ചിറങ്ങുകയും സമൂഹത്തിൽ നീതി ഉറപ്പാക്കുകയും ചെയ്യുമെന്ന് പലരും വാദിക്കുന്നു. വസ്തുതകളാൽ സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളതല്ല ഈ അഭിപ്രായം. സാമ്പത്തികമായി ശക്തരായവരുടെ ഇടയിലുള്ള അന്ധമായ വിശ്വാസമാണ് ഇതിൽ കാണുന്നത്. കൊല്ലരുത് എന്ന കല്പനവഴി ജീവന്റെ മൂല്യം കാത്തു സൂക്ഷിക്കുന്നതുപോലെ ദരിദ്രരെ ഒഴിവാക്കുകയും അസമത്വം വളർത്തുകയും ചെയ്യുന്ന സമ്പദ്ഘടനയോട് അരുത് എന്നു കല്പിക്കുവാനും നമുക്ക് സാധിക്കണം. ദൈവവിളി കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ഏവർക്കും സാധിക്കണമെന്ന ആഹ്വാനവും ഈ അധ്യായത്തിന്റെ അവസന ഭാഗത്ത് പരിശുദ്ധ പിതാവ് നല്കുന്നു.

സുവിശേഷ പ്രഘോഷണത്തെക്കുറിച്ചുള്ളതാണ് മൂന്നാമത്തെ അധ്യായം. സുവിശേഷവത്കരണത്തിലുള്ള ഏവരുടെയും കടമ, സുവിശേഷ പ്രഘോഷണം, സുവിഷേപ്രഘോഷണത്തിന് ഒരുങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സുവിശേഷവത്കണവും സുവിശേഷ പ്രഘോഷണവും എന്നിവ ഇതിൽ വിവരിക്കുന്നു. ദൈവം നല്കിയ രക്ഷ ആനന്ദത്തോടെ എല്ലാവരും പ്രഘോഷിക്കണം.

ജീവിതത്തിന്റെ വിവിധ തലങ്ങളിൽ കണ്ടുമുട്ടുന്ന വ്യക്തികളോട് സുവിഷേത്തിന്റെ സന്തോഷം പങ്കുവയ്ക്കുന്നതിന്റെ ആവശ്യകത, ആരാധനക്രമമദ്ധ്യേ നടത്തുന്ന സുവിശേഷ പ്രഘോഷണം എന്നിവയെക്കുറിച്ച് മൂന്നാം അധ്യായത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

സുവിശേഷവത്കരണത്തിന്റെ സാമൂഹിക തലത്തെക്കുറിച്ചാണ് നാലാം അധ്യായത്തിൽ ചർച്ചചെയ്യുന്നത്. 83 ഖണ്ഡികകളുള്ള ഈ അധ്യായത്തിൽ പ്രധാനമായും നാലു ഭാഗങ്ങളുണ്ട്. പാവപ്പെട്ടവരെക്കുറിച്ച് പറഞ്ഞതിനുശേഷം പരിസ്ഥിതി വിഷയവും മാർപ്പാപ്പ അവതരിപ്പിക്കുന്നു. പൊതുനന്മയെക്കുറിച്ച് വിശദമായ പ്രതിപാദനമുണ്ട്. പൊതു നന്മയെ ലക്ഷ്യംവച്ചാണ് വ്യക്തികൾ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതെങ്കിൽ അത് മഹത്തായ പ്രവർത്തനമായിരിക്കുമെന്ന് മാർപ്പാപ്പ പറയുന്നു.

ആത്മാവിനാൽ നിറഞ്ഞ സുവിശേഷ പ്രവർത്തകരെക്കുറിച്ചാണ് അഞ്ചാം അധ്യായം വിവരിക്കുന്നത്. 30 ഖണ്ഡികകളുള്ള ഈ അധ്യായത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ആദ്യഭാഗം നവീകൃത പ്രേഷിതദൗത്യത്തിനുള്ള കാരണങ്ങളാണ് അവതരിപ്പിക്കുന്നത്. രണ്ടാം ഭാഗം ഉപസംഹാരവും സുവിശേഷവത്കരണത്തിന്റെ മാതാവായ പരിശുദ്ധ കന്യകാ മറിയത്തെ ആസ്പദമാക്കിയുള്ളതുമാണ്. ക്രിസ്തുവിനോടുള്ള സ്നേഹമാണ് നമ്മെ സുവിശേഷവത്കരണത്തിന് പ്രചോദിപ്പിക്കേണ്ടത്. ക്രിസ്തുവിനെ വ്യക്തിപരമായി കണ്ടെത്താൻ നമുക്ക് സാധിക്കണം. ക്രിസ്തുവാണ് സുവിശേഷവത്കരണത്തിന് നമുക്ക് മാതൃക. ക്രിസ്തു കേന്ദ്രീകൃത സുവിശേഷവത്കരണം ഈ ഭാഗത്ത് വിവരിക്കുന്നു. സുവിശേഷവത്കരണത്തിന്റെ വിജയത്തിനായി തുടർച്ചയായി പ്രാർത്ഥിക്കണമെന്ന് അപ്പസ്തോലിക ആഹ്വാനം ഈ ഭാഗത്ത് എടുത്തു പറയുന്നുണ്ട്. അവസാനഭാഗത്ത് കന്യകാമേരിയുടെ സഹായത്തോടെയാണ് നമുക്ക് യഥാർത്ഥത്തിൽ സുവിശേഷവത്കരണം നടത്താൻ സാധിക്കുക എന്ന് മാർപ്പാപ്പ പറയുന്നു. പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രാർത്ഥനയോടെയാണ് അപ്പസ്തോലിക ആഹ്വാനം അവസാനിക്കുന്നത്.

ഫ്രാൻസിസ് പാപ്പായുടെ കർമ്മ പദ്ധതിയായിട്ടാണ് സുവിശേഷത്തിന്റെ ആനന്ദം എന്ന അപ്പസ്തോലിക ആഹ്വാനത്തെ പലരും കാണുന്നത്. 2013 മാർച്ച് 13 ന് മാർപ്പാപ്പയായി തിരഞ്ഞെടുക്കപ്പെട്ട ഫ്രാൻസിസ് മാർപ്പാപ്പ നടത്തിയ ഭാഷണങ്ങളിലും സന്ദേശങ്ങളിലും അവതരിപ്പിച്ച ആശയങ്ങൾ അപ്പസ്തോലിക ആഹ്വാനത്തിൽ നമുക്ക് കാണാനാവും......

Who is happy? Pope Francis unveils through his Apostolic exhortation **"The Joy of the Gospel"** the secret of happiness. The moment of real happiness begins on when encounter with Jesus and progress in our love towards him which compels us for a mercyful sharing with the least, lost last of the society. The heart of Virgin Mother Mary stands as the emblem of this Gospel joy.



ലിന്റാ തോമസ്

# ഹൃദ്രോഗം



ലോകത്തെവിടെയും മരണകാരണങ്ങളിൽ ഏറ്റവും മുന്നിട്ടു നിൽക്കുന്നത് ഹൃദയാഘാതം അഥവാ ഹാർട്ട് അറ്റാക്ക് എന്നറിയപ്പെടുന്ന അക്യൂട്ട് മയോകാർ ഡിയൻ ഇൻഫാർഷൻ ആണ്. ഹൃദയത്തിന്റെ ഒരു ഭാഗത്തേയ്ക്ക് രക്തത്തിന്റെ ഒഴുക്ക് തടസ്സപ്പെടുമ്പോഴാണ് ഹാർട്ട് അറ്റാക്ക് ഉണ്ടാകുന്നത്. ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും നല്ല പ്രായമായ മധ്യവയസിലാണ് ഹൃദയാഘാതം അധികവും സംഭവിക്കുന്നത് എന്നതുകൊണ്ടുതന്നെ ഈ രോഗം സമൂഹത്തിൽ എത്രമാത്രം പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

***കാരണങ്ങൾ***

1. പ്രായം
2. പുകവലി
3. രക്താതിമർദ്ദം അഥവാ ഉയർന്ന ബി. പി
4. രക്തത്തിൽ കൊളസ്ട്രോളിന്റെ ഉയർന്ന അളവ്
5. പ്രമേഹം അഥവാ രക്തത്തിൽ പഞ്ചസാരയുടെ ഉയർന്ന അളവ്.
6. അമിത വണ്ണം അഥവാ പൊണ്ണത്തടി
7. പാരമ്പര്യമായി ഹൃദ്രോഗികൾ ഉള്ള കുടും ബാംഗ ങ്ങൾ

മേൽപ്പറഞ്ഞ കാര്യങ്ങൾ പരിശോധിച്ചാൽ ഒന്നു വ്യക്തമാകും. നമ്മുടെ ജീവിതചര്യയിൽ വേണ്ടത്ര മാറ്റം വരുത്തിയാൽ ഹൃദ്രോഗം അകറ്റി നിർത്താൻ കഴിയും. പുകവലി ഉപേക്ഷിക്കുക, പതിവായി വ്യായാമം ചെയ്യുക, പ്രമേഹവും ഉയർന്ന ബി. പിയും നിയന്ത്രിച്ചു നിർത്തുക, രക്തത്തിലെ കൊഴുപ്പിന്റെ അളവ് കുറയ്ക്കുക തുടങ്ങിയ കാര്യങ്ങൾ പ്രയാസമേറിയതല്ലെന്നോർക്കുക.

ഹാർട്ട് അറ്റാക്ക് എങ്ങനെ ഉണ്ടാകുന്നു എന്ന് ശാസ്ത്രീയമായി അപഗ്രഥിച്ചു നോക്കാം.

ഹൃദയത്തിലെ മാംസപേശികളിലേക്കുള്ള ശുദ്ധ രക്തധമനികളിൽ ഉണ്ടാകുന്ന തടസ്സം കാരണമുണ്ടാകുന്ന അക്യൂട്ട് കൊറോണറി സിൻഡ്രോം അല്ലെങ്കിൽ എം.സി. എസ് എന്ന വിഭാഗത്തിലാണ് ഹാർട്ട് അറ്റാക്ക് ഉൾപ്പെടുന്നത്. ശുദ്ധരക്ത ധമനികളുടെ ഭിത്തിയിൽ കൊളസ്ട്രോളും കൊഴുപ്പ് അടങ്ങിയ മറ്റു ഘടകങ്ങളും ചേർന്ന് കാല ക്രമത്തിൽ രൂപപ്പെടുന്ന ആർട്ടീരിയോസ് ക്ലീറോ സിസ് തടസ്സം കാരണം രക്തം കട്ട പിടിക്കുന്ന അവസ്ഥയിലേയ്ക്ക് മാറുമ്പോൾ രക്തധമനി പൂർണ്ണമായും തടസ്സപ്പെടുന്നു. ഇത്തരമൊരു പൂർണ്ണമായ ബ്ലോക്ക് രൂപപ്പെടാൻ നിമിഷങ്ങൾ മതിയാകും. ഫലമോ ഗുരുതരമായ ഹാർട്ട് അറ്റാക്ക്!

തുടർന്ന് രക്തം കിട്ടാതെ വരുമ്പോൾ ഹൃദയ പേശികൾ നശിക്കുകയും അത്രയും ഭാഗം പ്രവർനരഹിതമാകുകയും ചെയ്യുന്നു. ഹാർട്ട് അറ്റാക്ക് അധികവും കണ്ടു വരുന്നത് പുലർച്ചെ 6 മണിക്കും ഉച്ചക്ക് 12 മണിക്കും ഇടയ്ക്കാണ്.

***ലക്ഷണങ്ങൾ***

കഠിനമായ നെഞ്ചു വേദനയാണ് സർവ്വസാധാരണമായ ലക്ഷണം. നെഞ്ചിനകത്ത് കോച്ചിവലിക്കുന്നതുപോലെ തോന്നുക, ഭാരം തോന്നുക, ഇടത്തേ കൈ വേദന, കീഴ്ത്താടി, കഴുത്ത്, പുറംഭാഗം, വയറിന് മേൽഭാഗം എന്നീ ഭാഗങ്ങളിലേയ്ക്ക് പെട്ടെന്ന് വ്യാപിക്കുക, ഒപ്പം ശ്വാസതടസ്സം, വിയർപ്പ്, ഛർദ്ദി, മലമൂത്ര വിസർജ്ജനം തുടങ്ങിയവ ഉണ്ടാകാം. ടനഞ്ചെരിച്ചിൽ രോഗ ലക്ഷണമായി തോന്നാമെങ്കിലും തുടർച്ചയായി ഉണ്ടാകുന്നെങ്കിൽ ഗൗരവമായി കാണേണ്ടതാണ്.



ഏതാണ്ട് മൂന്നിലൊന്ന് അറ്റാക്കുകളും രോഗി അറിയാതെ സംഭവിക്കാറുണ്ട്. പ്രായം ചെന്ന വരിലും, പ്രമേഹ രോഗികളിലുമാണ് ഈ അപകടസാധ്യതയുള്ളത്. ഇത്തരം അറ്റാക്കുകൾ പിന്നീട് നടത്തുന്ന ഇ.സി.ജി എക്കോ കാർഡിയോഗ്രാം തുടങ്ങിയ പരിശോധനകളിലൂടെ കണ്ടുപിടിക്കാവുന്നതാണ്.

ഇനി പറയുന്ന മൂന്ന് കാര്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം നിലനിൽക്കുന്നുവെങ്കിൽ അറ്റാക്കാണ് സംഭവിച്ചതെന്ന് ഏതാണ്ട് ഉറപ്പിക്കാം.

1. ഇരുപത് മിനിട്ടലധികം നീണ്ടു നില്ക്കുന്ന കഠിനമായ നെഞ്ചുവേദന
2. തുടർച്ചയായി എടുത്ത ഇ.സി.ജി യിൽ വ്യതിയാനങ്ങൾ ഉദാ: ST elevation, T inversion
3. കോശങ്ങളെ നശിപ്പിക്കുന്ന പദാർത്ഥങ്ങളിലെ ഏറ്റക്കുറച്ചിൽ രക്തപരിശോധനയിൽ ഉണ്ടാവുക.

***അടിയന്തിരമായി ചെയ്യേണ്ടകാര്യങ്ങൾ***

എത്രയും വേഗം ചികിത്സ കിട്ടാവുന്ന ആശുപത്രിയിൽ എത്തിക്കുക. 150 അല്ലെങ്കിൽ 300എംജി യുടെ ആസ്പിരിൻ ഗുളിക വെള്ളത്തിലലിയിച്ച് കഴിക്കുന്നത് രക്തം കട്ടപിടിക്കുന്നത് തടയും. നൈട്രേറ്റ്സ് ഗുളിക നാക്കിനടിയിൽ വെക്കുന്നത് വേദനകുറയ്ക്കാനും ഹൃദയാഘാതം ഒരു പരിധിവരെ കുറയ്ക്കാനും സഹായിക്കും. ആശുപത്രിയിൽ എത്തിയാലുടനെ ഇ.സി.ജി എടുക്കണം. ചികിത്സ തുടങ്ങി എന്ന ആശ്വാസം രോഗിയിൽ ഉണ്ടാക്കാൻ ഇതു സഹായിക്കും. മയോക്കാർഡിയൽ ഇൻഫാർഷൻ ആണെന്ന് സ്ഥിരീകരിച്ചു കഴിഞ്ഞാൽ ഉടനെ ഒരു ഫിസിഷ്യന്റെയോ കാർഡിയോളജിസ്റ്റിന്റെയോ മേൽനോട്ടത്തിൽ അടിയന്തിരമായി മരുന്നു നൽകി തുടങ്ങേണ്ടതാണ്.

തുടർ ചികിത്സയിൽ ബ്ലോക്ക് നീക്കി രക്ത പ്രവാഹം പുനഃസ്ഥാപിക്കുന്ന രീതി വളരെ സാധാരണമാണ്. കട്ടപിടിച്ച രക്തത്തെ അലിയിപ്പിച്ചുകളയുക, ആൻജിയോപ്ലാസ്റ്റി ചെയ്യുക എന്നീ ചികിത്സാ രീതികൾ ഫലം കാണുകയില്ല എന്നു തോന്നുകയാണെങ്കിൽ ബൈപാസ് തന്നെയാണ് ഏക ആശ്രയം.

**ചികിത്സയ്ക്കുശേഷം**

രോഗത്തിന്റെ പ്രഹരത്തെ അതിജീവിച്ച് ജീവിതത്തിലേക്ക് തിരിച്ചു വരുന്ന ആളിന് സാധാരണ ജീവിതം നയിക്കാൻ വിവിധ മാർഗ്ഗനിർദ്ദേശങ്ങളും നൽകാൻ കഴിയും. ചെറിയ വ്യായാമത്തിലൂടെ ശാരീരികവും മാനസികവുമായ പിരി മുറുക്കം ഒഴിവാക്കാനും, രക്തസമ്മർദ്ദം, കൊളസ്ട്രോൾ എന്നിവ കുറയ്ക്കാനും സാധിക്കും.

***വീണ്ടുമൊരു അറ്റാക്ക് ഒഴിവാക്കാൻ***

ഹൃദ്രോഗ അവസ്ഥയിലേയ്ക്ക് വീണ്ടും എത്തിച്ചേരാതെ നോക്കുക എന്നത് രോഗശാന്തി ലഭിച്ച ഏതൊരു വ്യക്തിയും സൂക്ഷിക്കേണ്ടതാണ്. അതിനാവശ്യമായ നിയന്ത്രണവും മാർഗ്ഗവും ജീവിതചര്യയിൽ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

പുകവലി ഉപേക്ഷിക്കുക, മദ്യം മിതപ്പെടുത്തുക, വ്യായാമം പതിവായി ചെയ്യുക, കൊഴുപ്പു കുറഞ്ഞ ആഹാരം കഴിക്കുക,



**ഡോ. അനിൽ പ്രദീപ് കെ**
സെന്റ് ജോൺസ് ഹോസ്പിറ്റൽ
കട്ടപ്പന

പച്ചക്കറികൾ കഴിക്കുക എന്നിവ പാലിച്ചാൽ രോഗം ആവർത്തിക്കുന്നത് ഒരു പരിധിവരെ തടയാൻ സഹായിക്കും. കൂടാതെ രക്താതിമർദ്ദം നിയന്ത്രിക്കാനും കൊളസ്ട്രോൾ കുറയ്ക്കാനും പ്രമേഹമുണ്ടെങ്കിൽ നിയന്ത്രിക്കാനുമള്ള മരുന്നുകൾ തുടർച്ചയായി കഴിക്കേണ്ടിവരും. രക്തം കട്ടപിടിക്കുന്നത് തടയുന്ന മരുന്നുകൾ, ഹൃദയമിടിപ്പ് ക്രമീകരിക്കുന്നവ, സ്റ്റാറ്റിൻ (കൊളസ്ട്രോൾ നിയന്ത്രിക്കുന്ന) മരുന്നുകൾ ദീർഘകാലം കഴിക്കേണ്ടവയാണ്. ഒരു ഡോക്ടറുടെ അഭിപ്രായപ്രകാരമല്ലാതെ ഈ മരുന്നുകളിൽ മാറ്റം വരുത്താൻ പാടില്ലാ. ഈ കാര്യങ്ങൾ രോഗിയുടെ മാത്രമല്ല കുടുംബാംഗങ്ങളെയും ബോധ്യപ്പെടുത്തേണ്ട താണ്.

നമ്മുടെ ശരീരം ഒരു മോട്ടോർ കാർ പോലെയാണ്. അതിനും റിപ്പയർ വരും. അപ്പോൾ മാനസികമായി തളരാതെ ധൈര്യം കൈവെടിയാതെ മനസ്സിനെയും ശരീരത്തെയും പാകപ്പെടുത്തി എന്തിനേയും നേരിടുവാനുള്ള ശക്തയാർജിച്ച് മുന്നോട്ടു പോവണം. ദൈവവിശ്വാസത്തിൽ അടിയുറച്ചുള്ള ഒരു ജീവിതം നയിച്ചാൽ നമ്മുടെ ആരോഗ്യവും നമ്മുടെ കുടുംബത്തിന്റെ ആരോഗ്യവും നമുക്ക് കാത്തുസൂക്ഷിക്കാൻ കഴിയും. അങ്ങനെ ഹൃദയവിശാലതയുള്ള അനേകം ഹൃദയാനുഭവങ്ങൾ ഉള്ള ഒരു പൂർണ്ണ ആരോഗ്യമുള്ള ഹൃദയം നമുക്ക് ഉണ്ടാകട്ടെ. ആരോഗ്യമുള്ള ശരീരത്തിലാണ് ആരോഗ്യമുള്ള മനസ്സും ഹൃദയവും ഉണ്ടാകുക. അവിടെയാണ് കരുണയുടെ വിത്തുകൾ പൊട്ടിമുളയ്ക്കുക. നമ്മൾ ആയിരിക്കുന്ന ഇടങ്ങളിൽ നമ്മുക്ക് സ്നേഹമുള്ള കരുണയുള്ള ഹൃദയത്തിന്റെ വക്താക്കളാകാം.

The 'healthy heart' is said as the 'Seat of Mercy'. Dr. Anil Pradeep, the geriatric physician of St. John's Hospital, Kattappana is explaining the dangers affecting heart causing its attack. He is not only providing informations but also insights to keep the 'Seat of Mercy' young and attack free.



വായനക്കാർക്ക്
സെന്റ് ജോൺ ഓഫ് ഗോഡിന്റെ
തിരുനാൾ മംഗളങ്ങൾ

# പുണ്യതാതന്റെ വഴിയേ.....

*മഞ്ഞുവീണ വഴിത്താരയിൽ*
*ചിതറിവീഴും ചില്ലിക്കമ്പുകൾ*
*ഒരു കയ്യിലേന്തിത്തൻ ജീവദൗത്യമായ്*
*തണുത്തുറഞ്ഞ മറുകര സ്പർശവുമായ്*
*ഇതാ! ദൈവസ്നേഹിയാമൊരു മർത്ത്യൻ*
*ദൈവത്തിന്റെ സ്വന്തം യോഹന്നാൻ*

*ജോൺ ഓഫ് ഗോഡിൻ വിജയവീഥിയിൽ*
*പൊൻ പ്രഭതൂകാനവനുടെ സന്ദേശവുമായ്*
*ഈശോതൻ പ്രിയമണവാട്ടികളോ*
*ഉപവിയുമെളിമയും വ്രതമായ്മാററി*
*തൻകരവല്ലി സ്പർശനമതേകി*
*സ്വാന്തനമേവൂ അവശർക്കെന്നും.*

*നഷ്ടപ്പെട്ടതാം ബാല്യകൗമാരങ്ങൾ*
*കൈയ്പ്പുററതാം യൗവ്വനം വാർദ്ധക്യവും*
*ചോർന്നീടുമാ ആരോഗ്യവും നോക്കി*
*ആർത്തരായ് കേഴുന്ന നിന്ദിതർക്കും*
*ആലംബഹീനരാം രോഗികൾക്കും*
*ആശ്വാസമായാരോഗ്യമായ്*
*ജീവനായ് സ്നേഹമായ് മാറുന്നീ*
*യുപവിതൻ സോദരികൾ കന്യകാരത്നങ്ങൾ*

*ആലംബഹീനർക്കാലംബമാകും*
*ജോൺ ഓഫ് ഗോഡിൻ സഹയാത്രികരേ*
*നിങ്ങൾതൻ കർമ്മവീഥിയിലെന്നെന്നും*
*സർവ്വേശ്വരനാഥൻ പ്രസാദം തൂകുവാൻ*
*അഞ്ജലീബദ്ധനായുരുകും മനവുമായ്*
*നില്ക്കുന്നിതായീ പ്രിയസ്നേഹിതൻ ഞാൻ*



അനീഷ്

# PROVINCIAL & COUNCILLORS

## HOSPITALLER BROTHERS OF ST. JOHN OF GOD

St. Thomas Province, India



Bro. Benedict Nadayil



Bro. Yanka Sharma
*Provincial*



Bro. Francis
Mannaparambil



Bro. Thomas James



Bro. Johny Pullanthi

**Congratulations**

**TO THE NEWLY ELECTED PROVINCIAL TEAM**

**കരുണയുടെ
പ്രവർത്തനസാക്ഷിയാകുവാൻ
അനുജൻ
ആഗ്രഹിക്കുന്നുവോ...?**



**VOCATION PROMOTER
HOSPITALLER BROTHERS OF
ST. JOHN OF GOD
Kattappana South P.O
Idukki Dt. Kerala
Ph: 04868 - 272014
Mob: 9444260869**

## *Congratulation !*
## *for First and Final Professed Sisters*



**കരുണയുടെ
ഉപകരണമാകുവാൻ
അനുജത്തിയെ
ക്ഷണിക്കുന്നു**

**VOCATION PROMOTER
Sisters of Charity of
St. John of God
Kattappana South P.O.,
Idukki Dt. Kerala 685 515
Ph: 04868 272744
Mob: 9446506952**



ഫോർച്ച്യൂൺ
Date of Publication: 1 March 2014

ജീവനുണ്ടാകുവാനും
അത് സമൃദ്ധമായുണ്ടാകുവാനും







Printed and Published by Sr.Vimala George, Sister General, on behalf of The Sisters of Charity of St. John of God
P.B. No. 2, Kattappana South P.O. 685515, Web : http://www.sistersofcharityofstjohnofgod.org
Email : generalatekpna@gmail.com Phone: 04868-272744